# HYDEL BULLET

Issue - 9, Vol - 10, September 2022

A Monthly Publication of the Kerala State Electricity Board Engineers' Association

## BUSINESS AS USUAL WILL NOT DELIVER

KSEB Engineers' Association, the most prominent Association of Power Engineers in the State of Kerala is celebrating its 69th Annual General Body Meeting on 25.09.2022 at Kottayam. The Annual General Body of the Association is the largest congregation of the practising power engineers in the State and the upcoming meeting is a special one since it is after a hiatus of 3 years that a State level offline meeting is being conducted which was suspended due to the Covid lockdowns and quarantines. The last offline Annual General Body Meeting was conducted at Thiruvananthapuram in 2019, although during 2021, an Annual General Body meeting was conducted using the virtual platform provided by V-Confex team.



Kozhikode unit meeting











Thrissur unit meeting









KSEB Engineers' Association
Office Bearers 2021 - 22

ASSOCIATION

**President**
Er Sunil K.

**Vice-Presidents**
Er G. Shaj Kumar (S)
Er Nagaraj Bhat K.(N)

**General Secretary**
Er Geetha V.S.

**Treasurer**
Er Santhosh E.

**Organising Secretaries**
Er Kunjunni P.S. (S)
Er Shine Sebastian (N)

**Secretaries**
Er M. Muhammad Rafi (HQ)
Er Nishanth B. (S)
Er Pramod Kumar M. (N)

BENEVOLENT FUND

**Chairman**
Er Kenny Philip

**Vice Chairman**
Er Subha T.G.

**Secretary**
Er Haridas Vijayan

**Treasurer**
Er Pradeep. S.V.

**Joint Secretaries**
Er Anu P. Mohanan (South)
Er Vishnu B.S. (North)

EDITORIAL BOARD

**Chief Editor**
Er K.G. Potti

**Associate Editors**
Er Sreekumar P.K.
Er Induchoodan D.R.
Er Anoop Vijayan
Er Sreelakshmi L.

**Ex. Officio Members**
Er Sunil K.
Er Santhosh E.

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 9 Vol - 10 September 2022

## Contents


- Editorial
- വിത്ത് കുത്തി കഞ്ഞിവെയ്ക്കുന്ന കാലം *(തീജ്വാല)* — *Er എൻ.ടി. ജോബ്*
- വൈദ്യുത നിയമ ഭേദഗതി- പ്രചരിപ്പിക്കപ്പെടുന്ന ശങ്കകളും ആശങ്കകളും : ഒരു വിലയിരുത്തൽ — *Er സി.പി. ജോർജ്*
- വെബ്സൈറ്റിലേക്കുള്ള വഴി — *Er വിവേക് വി.എസ്.*
- Parenting A Hard Task Ofter Neglected — *Er M. Anil*
- നിനക്കുവേണ്ടി *(കവിത)* — *Er പി. രാഘവൻ*
- Praying Hands — *Er. Thomas Kolanjikombil*
- ചെണ്ടയും ഗാനങ്ങളിലെ ചെണ്ടയും *(ഗാനമാധുരി- 01)* — *Er പി.വി. പ്രമോദ്*
- പൊന്നോണം *(കവിത)* — *Er കെ.എൻ. രാമൻ നമ്പൂതിരി*
- ബന്ധനം *(സുഭാഷിതം)* — *Er കെ. ശശിധരൻ*
- നമ്മുടെ പൊതുഗതാഗതം *(നാടുനന്നാകാൻ - 9)* — *Er ഇ.എം. നസീർ*
- സംഗീതം — *Er യു.എസ്. രവീന്ദ്രൻ*
- സെമിത്തേരിയിലെ പൂവ് *(തുടർച്ച 3)* — *Er അനീഷ് ഫ്രാൻസിസ്*
- ഭാരതനാട് *(കവിത)* — *Er മഹേഷ് റ്റി.*
- Auditing — *Er. J. Sudhakaran Nair*
- അമ്മയ്ക്ക് ഒരു യാത്രാമൊഴി *(കവിത)* — *Er ഹനീസ് എ.*

The Annual General Body presents a venue for all the senior and young engineers to meet their colleagues from across the State and acts as a platform for the exchange of the ideas. The networking of fraternity is one of most cherished events of our Association.Unlike other politically affiliated associations and trade unions in KSEBL, KSEB Engineers' Association conducts a technical seminar of national importance during every Annual General Body Meeting inviting eminent experts from across the nation to present their ideas. This year Association plans to conduct a discussion on Revamping KSEBL in the new paradigm shift in Power sector. The panelists include our present CMD, Sri Rajan Khobragade IAS, Sri. Shailendra Dubey, Chairman, AIPEF, Sri.B.Ashok IAS, Former CMD,KSEBL. The topic is highly relevant in the upcoming scenario of the introduction of the 2022 Electricity Act Amendment Bill in the Parliament, end of relaxation period in Electricity Duty payment to Government as per the 2013 Tripartite Agreement and the introduction of Special Draft Rules in KSEBL and introduction of various restructuring activities in the various SBUs based on the IIM Report of 2015.

Association is strongly opposing certain clauses in the newly introduced Electricity Amendment Bill which is going to affect the long running public sector organisations. We demand autonomy for the public sector utilities and permit the management to raise the capital from the Equity market to reduce the debt burden. KSEBL also has Tripartite Rs 14,000 crore which needs to be curtailed at the earliest by innovative ways either by tapping the share markets and the bond markets or through other means. Loans with higher interest rates need to be refinanced or swapped. Tariff Revision 2022 has failed to rejuvenate the financial capability and hence KSEBL needs to explore more options to finance its debts which is possible if the management is given more autonomy in managing the affairs of the utility. NITI Aayog in its recent rating of Distribution Utilities in the country had down graded the rating of KSEBL as "B" due to the high employee cost which is highest in the country. Inorder to curtail the employee cost, restructuring proposals as proposed by the IIM Kozhikode needs to be worked out. Already KSEBL has initiated certain steps from June 2022 in these directions, where topmost places in the Electrical Cadre were shelved but there has been no curtailment of any sort in respect of other categories . Also, due to the sudden exit of the reformist CMD, all those processes have now come to a standstill.

Event after 10 years of the Tripartite Agreement, it is quite disappointing that KSEBL could not kick start the Pension Master Trust, which was formed as an alternate mechanism for pension payments. The number of pensioners since 2013 has almost doubled and from 2022, 1000 employees are going to retire every year and by 2030, the total number of pensioners will reach a massive figure of 45,000. Any financial crisis in the company will affect the pensioners and the first payment to be restricted will be that of the pensioners. KSEB Engineers' Association has brought this alarming situation to the notice of all, quite a few years ago, but it was falling in deaf ears. But now suddenly our trade unions and other politically affiliated associations have jumped into the bandwagon and is now putting pressure on KSEBL management to restructure the Pension Master Trust. Our Former CMD had made a financial plan to make it live by 2024, but it is in limbo, due to his sudden exit from KSEBL. Now we are looming in the dark and by the time the new CMD learns everything, time will flyway and we will fall into a vicious circle from where there will not be any escape.

KSEB Engineers' Association urges the Government to put up a strong management for KSEBL for a longer fixed term. Merely shifting the CMD and Director Board every year will not help the organisation in the long run. More functional autonomy shall be provided to the Director Board of KSEBL. More professionals shall be brought in as Independent Directors and appointment of political members as independent directors shall be avoided. More professionalism and ethics shall be imparted into the organisation and only then it can withstand the strong winds of competition brought in by the Amendments.

Association expects a threadbare internal discussion regarding what and how the KSEBL should change for better in the emerging scenario. We hope to introspect regarding our organisational structures, deliberate on our future challenges and churn out ideas for sustaining the organisation going forward. Association hopes to consolidate these ideas for the revamping KSEBL in the new paradigm shift in the power sector and would like to come out with suggestions to KSEBL management in the current Annual General Body Meeting. We urge all our live and senior members to join at Kottayam to recreate the magic of the Annual General Body meeting and to take home the memories. Hoping to meet you all at Kottayam.






# വിത്ത് കുത്തി കഞ്ഞിവെയ്ക്കുന്ന കാലം

**Er എൻ.ടി. ജോബ്**
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

സ്വാതന്ത്ര്യം ലഭിച്ച് എഴുപത്തിയഞ്ചുവർഷം പിന്നിട്ടനമ്മൾ വളരെ ആഘോഷമായി സ്വാതന്ത്ര്യദിനം കൊണ്ടാടി. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ എതിർത്തവരും അനുകൂലിച്ചവരും എല്ലാവരും കൂടി അത് ആഘോഷമാക്കി. സ്വാതന്ത്ര്യം ലഭിച്ച ആദ്യത്തെ നാല്പതു കൊല്ലക്കാലം രാഷ്ട്ര നിർമ്മാണത്തിനായാണ് വിനിയോഗിച്ചത്. റോഡുകളും പാലങ്ങളും ആശുപത്രികളും ഭക്ഷണ സാധനങ്ങൾക്കുവേണ്ടിയുള്ള ഹരിത വിപ്ലവവും എല്ലാം അക്കാലത്താണ് നടന്നത്. എല്ലാം സർക്കാരുകൾ ഏറ്റെടുത്ത് നടത്തുകയായിരുന്നു. അതിനുമുമ്പ് ബ്രിട്ടീഷുകാർ ഇന്ത്യയിലെ സമ്പത്ത് അവരുടെ രാജ്യത്തേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി പണി തീർത്ത പാലങ്ങളും റോഡുകളും ട്രാംവേകളും മാത്രമായിരുന്നു ഇന്ത്യയിലുണ്ടായിരുന്നത്. അതിൽ പലതും ഇപ്പോഴും തലഉയർത്തി നിൽക്കുന്നുമുണ്ട്, ആദ്യത്തെ നാല്പതുവർഷത്തിൽ രാഷ്ട്ര നിർമ്മാണത്തിന്റെ ഭാഗമായി ഉണ്ടാക്കിയെടുത്ത പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളുമാണ് ഇന്ത്യയെ കെട്ടിപ്പടുത്തത്. അന്നും സ്വകാര്യ സംരംഭങ്ങൾ പലതും ഇന്ത്യയിലുണ്ടായിരുന്നുവെങ്കിലും അവരാരും അത്രകണ്ടു വളർന്നിരുന്നില്ല. കാലംകടന്നുപോയപ്പോൾ സർക്കാരുകൾക്ക് മൂലധനം ഇറക്കുവാൻ കഴിയാത്ത സാഹചര്യം വന്നപ്പോഴാണ് നാല്പതു കൊല്ലങ്ങൾക്ക് ശേഷം സ്വകാര്യ മൂലധനം കൂടി പ്രതീക്ഷിച്ചുകൊണ്ടുള്ള മാറ്റങ്ങൾ സാമ്പത്തിക രംഗത്തു തുടങ്ങിയത്. അതുവരെ സർക്കാർ കുത്തകയാക്കി വെച്ചിരുന്ന മേഖലകൾ സ്വകാര്യ സംരംഭകർക്കുവേണ്ടി തുറന്നു കൊടുത്തു. എന്നാൽ അതിന്റെ അടുത്ത പതിപ്പിൽ സ്വകാര്യ സംരംഭകർക്കുവേണ്ടി സർക്കാർ സ്ഥാപനങ്ങൾ അടച്ചുപൂട്ടിക്കുന്ന നയങ്ങളാണ് കണ്ടത്. സ്വാതന്ത്ര്യത്തിനുശേഷം ജനങ്ങൾ കഷ്ടപ്പെട്ടുണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റു കാശാക്കുന്ന കാഴ്ചകളാണ് അവതരിച്ചു കൊണ്ടിരിക്കുന്നത്. പഴമക്കാർ പറയും; വിത്ത് എടുത്ത് കുത്തരുതെന്ന്. അത് എന്നേക്കുമുള്ള കരുതലാണ്, അത് കൃഷി ചെയ്ത് കൂടുതൽ കൂടുതൽ ധാന്യങ്ങൾ ഉണ്ടാക്കി അതിൽനിന്നും വിത്തെടുത്ത് സൂക്ഷിക്കണം. വിത്തെടുത്ത് കഞ്ഞി വെച്ചാൽ അത് അധോഗതിക്കു കാരണമാകുമെന്നതാണ് പഴമക്കാരുടെ വിശ്വാസം. അതേറെക്കുറെ ശരിയുമാണ്. ഇന്ന് സർക്കാർ മേഖലയിലെ വ്യവസായങ്ങളുടെ എണ്ണം വളരെയധികം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പല പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യസംരംഭകർ വളരെ തുച്ഛമായ വിലക്കു ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ പല വിമാനത്താവളങ്ങളും സർക്കാർ കൈമാറികഴിഞ്ഞു. റോഡുകളും പാലങ്ങളും ഉണ്ടാക്കുന്നത് സ്വകാര്യ സംരംഭകരായി കഴിഞ്ഞു. അവരുടെ ചെലവും ലാഭവും ടോൾ പിരിവിലൂടെ തിരിച്ചെടുക്കുന്നു. ടെലികോം മേഖല പലർക്കായി വീതിച്ചു നൽകി.

സർക്കാർ സ്ഥാപനമായ ബി.എസ്. എൻ.എൽ. എന്നുവേണമെങ്കിലും പൂട്ടിപോകാമെന്ന അവസ്ഥയിലും. കേരളത്തിലേക്കുവന്നാൽ കെഎസ്ആർടിസിയുടെ വാർത്തകൾ തന്നെ ധാരാളം. ഒരു വാഹനം വാങ്ങുമ്പോൾ പതിനഞ്ചുവർഷത്തേക്കുള്ള വാഹന നികുതി അടച്ചുകൊണ്ടാണ് നമ്മളെല്ലാം വാഹനങ്ങൾ വാങ്ങുന്നത്. ഇത് അടയ്ക്കുന്നത് ഇന്ത്യയിലെ റോഡുകളെല്ലാം ഉപയോഗിക്കുന്നതിനു വേണ്ടിയാണ്. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയോ, സർക്കാർ റോഡു നിർമ്മാണം സ്വകാര്യ സംരംഭകരെ ഏല്പിക്കുന്നു. അവരുടെ ചെലവും ലാഭവും ടോളിലൂടെ പിരിച്ചെടുക്കുന്നു. അപ്പോൾ ആദ്യം അടച്ചവാഹന നികുതിയെക്കുറിച്ച് ആരും ചോദിക്കരുത്, അത് സ്വാഹ. ഇനിയുള്ള ഓരോ റോഡും ഇത്തരത്തിലായിരിക്കും നിർമ്മിക്കുന്നത്. ബഡ്ജറ്റ് കാലിയായതുകൊണ്ട് ഒരു പണിക്കും ബജറ്റ് വിഹിതം ലഭിച്ചെന്നുവരില്ല. ഭാവിയിൽ പഞ്ചായത്ത് റോഡുകൾക്കുപോലും ടോൾ എന്ന സങ്കല്പം കടന്നുവരാം. മുൻകാലങ്ങളിൽ ഉണ്ടാക്കിയെടുത്ത സ്ഥാപനങ്ങളെല്ലാം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി തന്നെയാണ് പുതിയ പുതിയ നിയമങ്ങൾ വരുന്നത്. കേരളത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസം സ്വകാര്യ മേഖലകൾക്കു വിട്ടുകൊടുത്തത് അതിനൊരുദാഹരണം മാത്രം. ആകെയുള്ള ആശ്വാസം പഴയ സർക്കാർ സ്ഥാപനങ്ങൾ ആർക്കും കൈമാറിയില്ലെന്നു മാത്രം. ആശുപത്രി സേവന രംഗത്ത് നേരത്തെ തന്നെ സ്വകാര്യ സംരംഭകരുണ്ടായിരുന്നുവെന്ന് എല്ലാപേർക്കും അറിയാം. അത് ഇപ്പോൾ വ്യാപകമായി എന്നു മാത്രം. എന്തിന് പറയുന്നു റെയിൽവേ പോലും ട്രെയിനുകൾ സ്വകാര്യ സംരംഭകർക്കു വിട്ടുകൊടുക്കുവാൻ തുടങ്ങിയിരിക്കുന്നു. ആകാശത്തുകൂടി പോകുന്ന വിമാനങ്ങളിൽ ഇനി സർക്കാർ വക എന്നുപറയുവാൻ ഇനിയുള്ള സൈനിക വിമാനങ്ങൾ മാത്രം. അങ്ങിനെ പടിപടിയായി എല്ലാ സേവന മേഖലകളിൽ നിന്നും സർക്കാരുകൾ പിൻവാങ്ങുകയാണ്. അതിന്റെ തുടർച്ചയായാണ് വൈദ്യുതി നിയമഭേദഗതിയുമായി കേന്ദ്ര സർക്കാർ മുന്നോട്ടുവന്നിരിക്കുന്നത്. ഭരണഘടനാപ്രകാരം വൈദ്യുതിയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരുകൾക്കും സംസ്ഥാന സർക്കാരുകൾക്കും ഒരുപോലെ നിയമ നിർമ്മാണങ്ങൾക്ക് അവകാശമുണ്ട്. ഏതു നിയമവും സംസ്ഥാനങ്ങളിൽ നടപ്പിലാക്കണമെങ്കിൽ സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചെങ്കിൽ മാത്രമെ സാധിക്കുകയുള്ളു പാർലമെന്റിലുള്ള ഭൂരിപക്ഷംവച്ച് കേന്ദ്രത്തിനു നിയമം പാസ്സാക്കിയെടുക്കുവാൻ സാധിച്ചെന്നുവരും. എന്നാൽ ഇന്ത്യയിൽ ആകെയുള്ള നാലായിരം എം.എൽ.എ. മാരിൽ ആയിരത്തിമുന്നൂറു എംഎൽഎമാർ മാത്രമാണ് കേന്ദ്ര സർക്കാരിന്റെ ഭരണകക്ഷിക്കുള്ളത്. ബാക്കിയുള്ള രണ്ടായിരത്തി എഴുന്നൂറു എം.എൽ.എ. മാരും മറ്റു പാർട്ടികളുടേതാണ്. അതുകൊണ്ട് ഭരണഘടനാപ്രകാരം സംസ്ഥാനങ്ങൾക്ക് അവകാശമുള്ള കാര്യങ്ങളിൽ കേന്ദ്ര സർക്കാരിന് ഏകപക്ഷീയമായി നിയമം പാസ്സാക്കിയെടുക്കുവാൻ സാധിച്ചുവെന്നുവന്നാലും സംസ്ഥാനങ്ങളിൽ അത് നടപ്പിലാക്കിയെടുക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടാണ്. ഈയൊരു സാഹചര്യത്തിൽ വേണം വൈദ്യുതി നിയമഭേദഗതിയെക്കുറിച്ച് ചിന്തിക്കുന്നതും വൈദ്യുതി നിയമം രണ്ടായിരത്തി മൂന്നു പാസാക്കിയതിനു പത്തു വർഷങ്ങൾക്കുശേഷമാണ് കേരളത്തിൽ നിയമം നടപ്പാക്കിയത്, അത് കൊണ്ട് ഇപ്പോൾ സ്റ്റാന്റിംഗ് കമ്മിറ്റിക്കു വിട്ട് രായ്ക്കുരാമാനം പാസാക്കി. തിരിച്ചു വന്നതു കണക്കാക്കുമ്പോൾ കേന്ദ്രനിയമവും അധികം താമസമില്ലാതെ സ്റ്റാന്റിംഗ് കമ്മിറ്റി പാസാക്കി പാർലമെന്റിൽ തിരിച്ചെത്തിച്ചെന്നുവരാം.

കേരളത്തിൽ ഏകകണ്ഠമായി പ്രതിപക്ഷവും ഭരണപക്ഷവും നിയമഭേദഗതിയ്ക്കെതിരെ പ്രമേയം പാസ്സാക്കിയവരായതുകൊണ്ട് കേന്ദ്രം നിയമഭേദഗതി പാർലമെന്റിൽ

പാസ്സാക്കിയെടുത്താലും കേരളത്തിൽ നടപ്പിലാക്കില്ല എന്നുതന്നെ വിചാരിയ്ക്കാം കഴിഞ്ഞ തവണ കേന്ദ്ര സർക്കാർ സ്കീമുകൾ കമ്പനിയാക്കിയില്ലെങ്കിൽ അനുവദിക്കി ല്ലെന്ന ഉമ്മാക്കികാണിച്ചാണ് കമ്പനിയാക്കിയത്. ഇത്തവണ അത്തരം സമ്മർദ്ദങ്ങൾക്കു സർക്കാർ വഴങ്ങില്ലെന്ന് വിശ്വസിക്കാം. നിയമ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത് വൈദ്യുതി വിതരണ രംഗത്ത് മൂലധനമില്ലാതാക്കുവാൻ സ്വകാര്യ സംരംഭകർ കടന്നുവരുക എന്ന താണ്. അങ്ങിനെയാവുമ്പോൾ വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ് മുഴുവനായും സർക്കാർ കമ്പനി വഹിക്കേണ്ടിവരില്ല എന്നാണ്. എന്നാൽ വൈദ്യുതിബോർഡ് കമ്പനിയെന്നപേരു സ്വീകരിച്ചുവെങ്കിലും വൈദ്യുതി ബോർഡിലുണ്ടായിരുന്ന എല്ലാവരുടെയും പെൻഷൻ ബാദ്ധ്യതയും നിലവിലുള്ള കമ്പനിതന്നെ വഹിക്കേണ്ടതാണ്. അതായത് മൂപ്പത്തി മൂവ്വായിരം ജീവനക്കാർക്ക് ശമ്പളത്തിനായി പ്രതിവർഷം രണ്ടായിരം കോടി രൂപയും നാല്പത്തിനാലായിരം പെൻഷൻകാർക്കുള്ള പെൻഷനുവേണ്ടി ആയിരത്തിയിരുന്നൂറു കോടി രൂപയും കണ്ടെത്തണം. അത് എങ്ങിനെകണ്ടെത്തുമെന്നുള്ളതാണ് ചോദ്യം. നിയമഭേദഗതിയിലെ നിർദ്ദേശമനുസരിച്ച് സർക്കാർ കമ്പനികളുടെ വൈദ്യുതി ശൃംഖല ഉപയോഗിക്കുന്നതിന് വീലിങ്ങ് ചാർജ്ജ് നല്കണമെന്നാണ്. ഇത്തരത്തിൽ വീലിങ്ങ് ചാർജ്ജ് വാങ്ങുമ്പോൾ, അത് ആകെ ആസ്തിയുടെ ഇരുപതു ശതമാനത്തിൽ കൂടുവാൻ പാടില്ല എന്നു കൃത്യമായി പറയന്നുണ്ട്. അതനുസരിച്ച് വിതരണ വിഭാഗത്തിന്റെ ആകെ ആസ്തിമൂല്യം ഒമ്പതിനായിരം കോടി രൂപയാണ്. ഇതിലൂടെ വിതരണം ചെയ്യുന്ന വൈദ്യുതിയുടെ അളവ് രണ്ടായിരത്തിനാന്നൂറുകോടി യൂണിറ്റും. ആസ്തിയുടെ ഇരുപതുശതമാനം കണക്കാക്കിയാൽ ആയിരത്തി എണ്ണൂറുകോടി രൂപയാണു വീലിങ്ങ് ചാർജ്ജായി മൊത്തം ലഭിക്കുക. അതായത് ഒരു യൂണിറ്റിന് മാക്സിമം എഴുപത്തിയഞ്ചു പൈസ, ഇത് ഏറ്റവും അറ്റത്തെ നിരക്കാണ്. റഗുലേറ്ററി കമ്മീഷൻ ഇത്രയും അനുവദിച്ചുവെന്നു വരില്ല. ശമ്പളത്തിനും പെൻഷനും വേണ്ടി മാത്രം മൂവ്വായിരത്തി ഇരുന്നൂറു കോടി രൂപ ആവശ്യമുള്ളപ്പോഴാണ് വീലിങ്ങ് ചാർജ്ജായി ആയിരത്തി എണ്ണൂറുകോടി പരമാവധി ലഭിക്കുവാൻ പോകുന്നത്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിൽ നിന്നും കേൾക്കുന്നതുപോലെ നാളെ കെ.എസ്.ഇ.ബി.യിലും മറ്റു ചെലവുകൾക്കു പണം മാറ്റി വെയ്ക്കുമ്പോൾ ശമ്പളത്തിനും പെൻഷനും പണം തികയുന്നില്ലെന്ന മാനേജ്മെന്റിന്റെ പരാതി അധികം ദൂരമല്ലാത്ത ഭാവിയിൽ കേട്ടു തുടങ്ങുക. നിയമഭേദഗതി നടപ്പിലാക്കുന്നതിന്റെ വേഗതയനുസരിച്ച് പരിദേവനങ്ങൾ കേൾക്കുന്നതും വേഗത്തിലാവും. കേരളത്തിന്റെ പ്രത്യേക രാഷ്ട്രീയ സാഹചര്യമനുസരിച്ച് നടപ്പിലാക്കുന്നതിനു കുറച്ചു കാലമെടുക്കുമെന്ന് നമുക്കു പ്രത്യാശിക്കാം. ആ കാലയളവിനുള്ളിൽ കൃത്യമായ വകതിരിവോടുകൂടി ചെലവു ചുരുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകണം. അതിനു സാധ്യതകളുള്ള മേഖലകളിൽ ദൂരകാഴ്ചയോടുകൂടിയുള്ള നടപടികളെടുക്കണം. അതിൽ പ്രധാനമായ ഒരു മേഖലയാണ് പ്രസരണ വിതരണ നഷ്ടം. ഇത് എത്രയായിരിക്കുമെന്ന് കൃത്യമായി കണക്കാക്കുവാൻ നമുക്കു യഥാർത്ഥത്തിൽ സംവിധാനമില്ല. നമ്മുടെ മീറ്റർ റീഡിംഗിന്റെ രീതിയനുസരിച്ച് ഒരേ ദിവസത്തെ ഒരേ സമയത്തെ റീഡിംഗ് നമുക്കുലഭ്യമല്ല. അങ്ങിനെ ലഭിച്ചാൽ മാത്രമെ ഉല്പാദിപ്പിച്ച വൈദ്യുതിയും വാങ്ങിയ വൈദ്യുതിയും കണക്കാക്കി വില്പന നടത്തിയ വൈദ്യുതിയുടെ അളവ് കുറയ്ക്കു

മ്പോൾ ലഭിക്കുന്നതാണ് പ്രസരണ വിതരണ നഷ്ടം. ഇത് ലഭിക്കണമെങ്കിൽ ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ഒരേ സമയത്തുള്ളത് അറിയണം. അവിടെയാണ് സ്മാർട്ട് മീറ്ററിംഗിന്റെ ആവശ്യകത വരുന്നത്. എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ നടപ്പിലാക്കിയാൽ കൃത്യമായ പ്രസരണ വിതരണ നഷ്ടം കണക്കാക്കാനാവും ഇന്ന് ഇന്ത്യയിൽ ഏറ്റവും കുറവ് പ്രസരണ വിതരണ നഷ്ടം ഉള്ളത് ഡൽഹിയിലാണ്, എട്ടു ശതമാനം. നമ്മുടേത് പതിനാലുശതമാനവും. അതായത് പ്രസരണ വിതരണ നഷ്ടത്തിൽ ആറു ശതമാനത്തോളം കുറവ് നമുക്കു വരുത്തുവാൻ സാധിക്കുമെന്നു ചുരുക്കം അതുവഴി ആയിരം കോടി രൂപയെങ്കിലും ഓരോവർഷവും നഷ്ടമാകുന്ന വൈദ്യുതിയിൽ കുറവ് ചെയ്യുന്നതിനു സാധിക്കും. അതുപോലെ തന്നെ ഉപഭോക്താക്കൾ ഏറ്റവും കൂടുതൽ പ്രതീക്ഷിക്കുന്ന ഒന്ന് ഇരുപത്തിനാലുമണിക്കൂറും ഇടതടവില്ലാതെയുള്ള സപ്ലൈ ഇപ്പോൾ നമ്മുടെ കണക്കുകൂട്ടലനുസരിച്ച് സംസ്ഥാനം മൊത്തം എടുക്കുമ്പോൾ ശതമാന കണക്കിൽ കുറവ് ശതമാനമാണ് സപ്ലൈ ഇല്ലാത്ത സമയം എങ്കിലും ഓരോ ഉപഭോക്താവിനെ സംബന്ധിച്ചും ദിനംപ്രതി അഞ്ചും ആറും പ്രാവശ്യം സപ്ലൈ പോകുന്നുണ്ട്. ഇതിനു പല കാരണങ്ങളും ഉണ്ടാകും, എന്നാൽ ഈ കാരണങ്ങളെല്ലാം ഉപഭോക്താക്കൾക്കു സംഭാവന ചെയ്യുന്നത് സപ്ലൈയുടെ തടസമാണ്. ഇടതടവില്ലാത്ത സപ്ലൈ നമ്മൾ സ്വപ്നം കാണേണ്ടിയിരിക്കുന്നു; ആ സ്വപ്നം യാഥാർത്ഥ്യം ആക്കേണ്ടിയുമിരിക്കുന്നു. അതിനുവേണ്ടി ആധുനിക സംവിധാനങ്ങൾ കൊണ്ടുവരണം, ഒരു സപ്ലൈ പോകുമ്പോൾ മറ്റൊരു സപ്ലൈ ആട്ടോമാറ്റിക്കായി കൊടുക്കുവാൻ സാധിക്കണം. അടുത്തതായി വേണ്ടത് സമ്പൂർണ ഡിജിറ്റലൈസേഷനാണ്. അത് സാധ്യമാകുന്ന എല്ലാ മേഖലയിലും വേണം. അത് നടപ്പിലാക്കുമ്പോൾ ചില മേഖലകളിലുള്ള ആളുകളെ മറ്റു മേഖലകളിലേക്കു മാറ്റേണ്ടിവന്നുവെന്നു വരാം. ഒരാളെപ്പോലും ഒഴിവാക്കാതെ അത്തരം കാര്യങ്ങൾ നടപ്പിലാക്കുവാൻ സാധിക്കുന്ന തരത്തിലുള്ള പ്രായോഗിക സമീപനങ്ങളാണ് വേണ്ടത്. നമുക്കു ലഭിക്കുന്ന വരുമാനവും ചെലവും ഒത്തുപോകണം; അതുകൂടാതെ വൈദ്യുതി ശൃംഖലകളുടെ വികസനത്തിനായി പണം മുടക്കുന്നതിനും സാധിക്കണം. എന്നാൽ ഓരോ നിയമങ്ങൾ നടപ്പിലാക്കുമ്പോഴും അത് കൂടുതൽ കൂടുതൽ നഷ്ടങ്ങൾ മാത്രമാണ് ഉണ്ടാക്കുന്നത്. പുതിയ നിയമ ഭേദഗതിയെ കുറിച്ചുതന്നെ പറഞ്ഞാൽ ഈ ഭേദഗതി കൊണ്ടുവരുന്നത് സ്വകാര്യ ഉല്പാദന നിലയങ്ങൾക്ക് വൈദ്യുതി വിറ്റവകയിൽ കിട്ടുവാനുള്ള ഒന്നര ലക്ഷം കോടി രൂപയുടെ നഷ്ടം ഇല്ലാതാക്കുന്നതിനു വേണ്ടിയാണ്. എന്നാൽ നിലവിലുള്ള എല്ലാ സർക്കാർ കമ്പനികളും കൂടിയുള്ള നഷ്ടം അഞ്ചുലക്ഷം കോടി രൂപയാണ്. ഇത് ഇല്ലാതാക്കുന്നതിനുള്ള ഒരു ചിന്തയും കേന്ദ്ര സർക്കാരിനില്ല എന്നിടത്താണ് ചോദ്യമുയരുന്നത്. അതായത് നിലവിലുള്ള സർക്കാർ കമ്പനികൾ തകർത്തിട്ടായാലും സ്വകാര്യ സംരംഭകർക്ക് നഷ്ടമുണ്ടാവരുത് എന്നു മാത്രം ചിന്തിക്കുന്നു. സ്വാതന്ത്ര്യാനന്തരം ഉണ്ടാക്കിയ രാഷ്ട്രം കെട്ടി പടുത്ത പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായിരുന്ന വൈദ്യുതി ബോർഡുകൾ നേരത്തെ തന്നെ കമ്പനിയാക്കി മാറ്റി. ഇപ്പോൾ പുതിയ ഭേഗദതികൊണ്ട് ആ കമ്പനികളുടെ നിലനിൽപ്പും അവതാളത്തിലാകുന്നു. പിന്നീട് കഞ്ഞി വെക്കുവാൻ വിത്തുപോലും അവശേഷിക്കില്ല.

✵

# വൈദ്യുതി നിയമ ഭേദഗതി – പ്രചരിപ്പിക്കപ്പെടുന്ന ശങ്കകളും ആശങ്കകളും : ഒരു വിലയിരുത്തൽ



*Er സി.പി. ജോർജ്*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

## 1. ജോലി സുരക്ഷ

വൈദ്യുതി നിയമ ഭേദഗതി കൊണ്ട് പൊതുമേഖലാ വിതരണക്കമ്പനിയിലെ ജീവനക്കാരുടെ ജോലി സുരക്ഷയാണ് പ്രചരിക്കപ്പെടുന്ന ഒരു പ്രധാന ആശങ്ക.

വൈദ്യുതിനിയമം 2003 വന്നപ്പോഴും നിയമത്തിനെതിരെ ഇവിടെ പ്രചരിക്കപ്പെട്ട പ്രധാന ആശങ്ക ജോലി സുരക്ഷ ആയിരുന്നു. എന്നിട്ട് വൈദ്യുത മേഖലയിൽ എത്ര പേരുടെ ജോലി പോയി ?

ജോലി സുരക്ഷ എന്നതു കൊണ്ട് എന്താണ് വിവക്ഷിക്കുന്നത്? അത് പണിയെടുക്കാതെ ശമ്പളം കിട്ടുന്ന സംവിധാനമല്ല എന്നു വിചാരിക്കുന്നു!

നിലവിലെ ജീവനക്കാരെ പുനർ വിന്യസിക്കുന്നത് ജോലി സുരക്ഷക്കെതിരാണ് എന്നു പറഞ്ഞാൽ അത്തരം ജോലി സുരക്ഷ ലോകത്ത് എവിടെയും ലഭിക്കും എന്നു തോന്നുന്നില്ല.

ജോലി സുരക്ഷയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാന ഘടകം വൈദ്യുത മേഖലയുടെ വളർച്ചയും അവിടത്തെ ജോലി സാദ്ധ്യതകളുമാണ്.

ഇന്ന് അതിവേഗം വികസിക്കുന്ന വൈദ്യുത മേഖലയ്ക്ക് ഭാവിയിലേയ്ക്കും ജീവനക്കാരുടെ അവശ്യകതക്ക് യാതൊരു കുറവും ഉണ്ടാവില്ല എന്നത് സാമാന്യ ബോധമുള്ള ആർക്കും മനസ്സിലാക്കാവുന്നതേ ഉള്ളൂ. എന്നാൽ ജീവനക്കാർ ആവശ്യകതക്കനുസരിച്ച പരിശീലനത്തിന് വിധേയരാകാനും കാലാനുസൃതമായ നൈപുണ്യം ആർജിക്കാനും സ്ഥാപനത്തിന്റെ ആവശ്യകത മനസ്സിലാക്കി ജോലി ചെയ്യാനുമുള്ള മനസ്ഥിതിയും ഉത്സാഹവും കാണിക്കണം എന്നു മാത്രം.

അതൊടൊപ്പം മേഖലയിൽ മാറ്റങ്ങൾ വരുന്നതും പുതിയ കമ്പനികൾ മേഖലയിൽ സ്വാധീനം ഉണ്ടാക്കുന്നതും എല്ലാം സ്വിച്ചിട്ട് വൈദ്യുതി വിളക്ക് തെളിക്കുന്നതു പോലെ നടക്കുന്ന കാര്യമല്ലല്ലോ. മാറ്റങ്ങൾ നടപ്പിൽ വരുത്താൻ സർക്കാരും വൈദ്യുത റഗുലേറ്ററി കമ്മീഷനും കൃത്യമായ നയപരിപാടികൾ പ്രഖ്യാപിക്കേണ്ടതും സംസ്ഥാന റുലേറ്ററി കമ്മീഷനുകൾ കൃത്യമായ ചട്ടങ്ങളും നടപടി ക്രമങ്ങളും ഒക്കെഉണ്ടാക്കേണ്ടതുമുണ്ട്. ഇങ്ങനെയുള്ള മാറ്റങ്ങൾ നടപ്പിലാവുന്ന സമയ പരിധിക്കുള്ളിൽ കമ്പനിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉറപ്പാക്കാൻ നിലവിലെ ജീവനക്കാരെ കാലാനുസൃതം ആവശ്യമായ നൈപുണ്യം നേടുവാൻ പരിശീലിപ്പിക്കാനും കമ്പനിയ്ക്ക് ഭാവിയിൽ ആവശ്യമുള്ള മാനുഷിക വിഭവങ്ങളും അവർക്ക് ആവശ്യമായ വൈദഗ്ധ്യങ്ങളും നൈപുണ്യങ്ങളും വിലയിരുത്തി പുതിയ നിയമനങ്ങൾ ക്രമീകരിച്ചാൽ ഒരു ജീവനക്കാരന്റെയും ജോലിസുരക്ഷയ്ക്ക് യാതൊരു ഭീഷണിയും ഇല്ലാതെ ഏറ്റവും സുഗമമായി തന്നെ മേഖലയിലെ മാറ്റങ്ങളെ കൊണ്ടുവരാനാകും എന്നതിൽ സംശയം ഇല്ല.

എന്നാൽ രാഷ്ട്രീയത്തിന്റെയും സംഘടനാ ബലത്തിന്റെയും മറവിൽ നിന്നുകൊണ്ട് സ്ഥാപനത്തിനുവേണ്ടി ജോലി ചെയ്യാതെ കാലക്ഷേപം കഴിച്ച് ആകർഷകമായ ശമ്പളവും ആനുകൂല്യങ്ങൾ വാങ്ങി പോക്കറ്റിൽ ഇടുന്ന പരിപാടി തുടർന്നു കൊണ്ടു പോകുന്നവർക്ക് ഈ മാറ്റങ്ങൾ ചിലപ്പോൾ തടസ്സങ്ങൾ സൃഷ്ടിക്കാം..

ചുരുക്കിപ്പറഞ്ഞാൽ വൈദ്യുതി മേഖലയിൽ ജോലി ചെയ്യുന്ന, അദ്ധ്വാനിക്കാൻ മനസ്സുള്ള മേഖലയിലെ എല്ലാ ജീവനക്കാരുടെയും ഭാവി ഇവിടെ പൂർണ്ണമായും സുരക്ഷിതമാണ്.

## 2.പെൻഷൻ

പെൻഷൻ എന്നത് തികച്ചും വ്യത്യസ്ഥമായ, ഭരണഘടനാ പ്രകാരമുള്ള ഒരു അവകാശമാണ്.

വൈദ്യുതി നിയമം 2003, പെൻഷൻ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങൾക്കും അവകാശങ്ങൾക്കും പൂർണമായ ഉറപ്പു നൽകിയിട്ടുണ്ട്. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും യൂട്ടിലിറ്റികളെ കമ്പനിവൽക്കരിച്ചപ്പോൾ അതാതു സർക്കാരുകൾ പെൻഷൻ ബാദ്ധ്യത ഏറ്റെടുത്തു. എന്നാൽ കേരളത്തിൽ വൈദ്യുത നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കാര്യങ്ങൾ നടപ്പാക്കാനാകാഞ്ഞത് ഇവിടത്തെ സർക്കാരിന്റെ ചൂഷണ മനസ്ഥിതികൊണ്ടും സംഘടനകളുടെ രാഷ്ട്രീയ അടിമത്തം കൊണ്ടുമാണ് എന്നത് പറയാതെ വയ്യ. എന്നിട്ടും കുറ്റം വൈദ്യുതി നിയമത്തിന്!

പെൻഷൻ തുകയും ശമ്പളച്ചെലവും തമ്മിൽ കൂട്ടിക്കുഴച്ച് കണക്കുകൾ സങ്കീർണമാക്കി അധിക ശമ്പളച്ചെലവ് പറഞ്ഞ് ജീവനക്കാരെ അധിക്ഷേപിക്കുന്ന പരിപാടി കേരളത്തിലല്ലാതെ ഇൻഡ്യയിൽ വേറെ എവിടെയുണ്ട്? ഇവിടത്തെ അടിമ സംഘടനകൾ ഇതിനെതിരെ നാളിതുവരെ എന്തു ചെയ്തു?

മേഖലയുടെ കാര്യങ്ങൾ കൃത്യമായി പഠിച്ച് ജീവനക്കാരുടെ നന്മയ്ക്കും ഭാവിയ്ക്കും വേണ്ടി പ്രവർത്തിക്കേണ്ട ജീവനക്കാരുടെ സംഘടനകൾ രാഷ്ട്രീയ നേതാക്കളുടെ സ്വാർഥ രാഷ്ട്രീയ താൽപര്യങ്ങൾക്കനുസരിച്ചുള്ള അജണ്ടകൾ അനുസരിച്ച് പ്രവർത്തിക്കാനും അതിനായുള്ള പ്രചരണങ്ങൾക്ക് ചുക്കാൻ പിടിക്കാനും സംഘടനാംഗങ്ങളെ തെരുവിൽ പോലും അതിനായി ഉപയോഗിക്കാനും ശ്രദ്ധ കേന്ദ്രീകരിച്ച് ജീവനക്കാരുടെ പെൻഷൻ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളെ കൊളമാക്കിയിട്ടും ജീവനക്കാർ ഇപ്പോഴും ഇവരുടെ പ്രചരണങ്ങളിൽ വീഴുന്നത് അത്ഭുതകരമായ അടിമത്തം തന്നെ!

വൈദ്യുതി നിയമം 2003 നിലവിൽ വന്ന ശേഷം ബന്ധപ്പെട്ട താക്കോൽ സ്ഥാനങ്ങൾ കൈയ്യടക്കി ഒളിഞ്ഞും തെളിഞ്ഞും നിയമത്തിനെതിരായി പ്രവർത്തിക്കുകയും നിയമത്തിന്റെ ശരിയായ അന്തസത്തയിലുള്ള നടത്തിപ്പിനെ തകർത്ത് നിയമവാഴ്ചയെയും സ്ഥാപനത്തിന്റെ അച്ചടക്കത്തെയും തന്നെ ഇല്ലാതാക്കിയിട്ട് കാര്യങ്ങൾ ശരിയായി നടക്കാത്തതിന് വൈദ്യുത നിയമത്തെ തന്നെ കുറ്റം പറയുന്നതും വിരോധാഭാസം തന്നെ!

KSEBL ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഉറപ്പാക്കാനായി രൂപീകരിച്ച പെൻഷൻ ഫണ്ടിന് ആവശ്യമായ തുക കണ്ടെത്താനോ അതിന്റെ നിലവിലെ ഫണ്ടും അതിനായി സർക്കാർ അനുവദിച്ച ഉറവിടങ്ങളും വകമാറ്റി ചെലവഴിച്ചിട്ടും നിയമാനുസൃതമായ മാനേജിംഗ് കമ്മറ്റികൾ രൂപീകരി

ക്കാനോ അതിന്റെ യോഗം ചേർന്ന് സമയ ബന്ധിതമായി തീരുമാനങ്ങൾ എടുക്കാനോ സർക്കാരും മാനേജ്മെന്റും യാതൊരു നടപടികളും എടുക്കാതിരുന്നിട്ടും ഒരു ചെറുവിരൽ പോലും അനക്കാത്ത ജീവനക്കാരുടെ സംഘടനകൾ ഇപ്പോൾ നിയമ ഭേദഗതി വന്നാൽ പെൻഷന് സുരക്ഷാ ഭീഷണി പ്രചരിപ്പിക്കുന്നത് വെറും രാഷ്ട്രീയം മാത്രമെന്നത് ഇവിടെ നടക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്ന സാമാന്യ ബോധമുള്ള ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

ചുരുക്കിപ്പറഞ്ഞാൽ ജീവനക്കാർക്ക് നിലവിൽ നിയമാനുസൃതമായും ന്യായമായും ലഭിക്കേണ്ട അർഹമായ അവകാശങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ഒന്നുംചെയ്യാത്ത ഈ സംഘടനകൾ എല്ലാം വൈദ്യുതിനിയമം ഭേദഗതി ചെയ്താൽ ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും ഹനിക്കപ്പെടും എന്നു കൂവി നടക്കുന്നതിലെ വിരോധാഭാസം കണ്ടില്ല എന്നുനടിക്കുന്നത് എങ്ങനെ?

### 3. സ്വകാര്യവൽക്കരണം

വൈദ്യുത മേഖലയിൽ സ്വകാര്യ കമ്പനികളുടെ പങ്കിനെപ്പറ്റി പറയുമ്പോൾ സ്വകാര്യവൽക്കരണം എന്നു പറയുന്നതും സ്വകാര്യ മേഖലയുടെ കടന്നുവരവ് എന്നു പറയുന്നതും തികച്ചും വ്യത്യസ്ഥങ്ങളായ കാര്യങ്ങളാണ് എന്ന അവബോധം ഉണ്ടാകേണ്ടതുണ്ട്.

ഇവിടെ ഇപ്പോഴുള്ള പൊതുമേഖലാ വിതരണ യൂട്ടിലിറ്റികൾ എല്ലാം തന്നെ സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ഉള്ള കമ്പനികളാണ്. പല സ്വകാര്യ മേഖലാ കമ്പനികളിലും 49% ത്തോളം ഓഹരി സർക്കാരിന്റെ തന്നെയാണ്. സ്വകാര്യവൽക്കരണം എന്നു പറഞ്ഞാൽ ഒരു പൊതുമേഖലാ വിതരണക്കമ്പനിയുടെ നടത്തിപ്പ് സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽനിന്നും ഒരു സ്വകാര്യ മാനേജ്മെന്റിനെ ഏൽപിക്കുക എന്നതാണ് വിവക്ഷിക്കുന്നത്. അതിനായി സ്വന്തം കമ്പനിയുടെ കുറഞ്ഞത് 51% ഓഹരി സർക്കാർ വിറ്റഴിക്കുന്നു. എന്നാൽ അത് തീരുമാനിക്കേണ്ടത് കമ്പനിയുടെ ഉടമയായ സംസ്ഥാന സർക്കാരാണ്. അതിൽ കേന്ദ്ര നിയമങ്ങൾക്കോ കേന്ദ്ര സർക്കാരിനോ യാതൊരു റോളുമില്ല എന്നതാണ് വസ്തുത. തെരഞ്ഞെടുക്കപ്പെടുന്ന സംസ്ഥാന സർക്കാരുകളുടെ തെരഞ്ഞെടുപ്പു വാഗ്ദാനങ്ങളുടെയും രാഷ്ട്രീയവും സാമ്പത്തികവുമായ ബോദ്ധ്യങ്ങളുടെയും നയങ്ങളുടെയും അടിസ്ഥാനത്തിൽ ആണ് അത് തീരുമാനിക്കപ്പെടുക.

എന്നാൽ വൈദ്യുത നിയമത്തിലെ 42-ാം വകുപ്പിന്റെ ഭേദഗതി കൊണ്ട് ഇവിടെ നടക്കാൻ ഉദ്ദേശിക്കുന്നത് സ്വകാര്യവൽക്കരണം അല്ല എന്നതാണ് വസ്തുത.

42-ാം വകുപ്പിന്റെ ഭേദഗതി വഴി വൈദ്യുതി വിതരണ മേഖലയിലെ ഒരേ ഭൂപ്രദേശത്ത് സ്വകാര്യ കമ്പനികൾ അടക്കം ഒന്നിലധികം കമ്പനികളെ പ്രവർത്തിക്കാൻ അനുവദിക്കുകയും അങ്ങനെ വിതരണ മേഖലയിൽ മത്സരം കൊണ്ടുവരിക എന്നതും തന്നെയാണ് സർക്കാരിന്റെ ലക്ഷ്യം എന്നതിൽ സംശയം ഇല്ല. വൈദ്യുതി നിയമത്തിൽ നിലവിലുള്ള 14-ാം വകുപ്പു പ്രകാരം ഒരേ ഭൂപ്രദേശത്ത് സ്വന്തം വിതരണ ശൃംഖല ഉണ്ടാക്കിക്കൊണ്ട് രണ്ടാമതൊരു വിതരണ ക്കമ്പനിക്ക് പ്രവർത്തിക്കുന്നതിന് നിയമം ഇപ്പോൾ തന്നെ അനുവാദം നൽകുന്നുണ്ട്. എന്നാൽ രണ്ടമതൊരു വിതരണ ശൃംഖല നിർമ്മിച്ച് വിതരണം നടത്തുക എന്നത് സാമ്പത്തികമായും സാങ്കേതികമായും

പ്രായോഗികമല്ല എന്നതുകൊണ്ടുതന്നെ അത് എങ്ങും നടപ്പായതായി അറിയില്ല. അതു കൊണ്ട് വൈദ്യുത നിയമം 2003ൽ വിവക്ഷി ക്കുന്ന മൽസരവും കാര്യക്ഷമതയും വിതരണ മേഖലയിൽ കൊണ്ടുവരാനാണ് 42-ാം വകുപ്പിന്റെ ഭേദഗതി. അതുവഴി പ്രസരണ ശൃംഖല പോലെ തന്നെ വിതരണ ശൃംഖല യും അതിന്റെ ശേഷിക്കനുസരിച്ച് മറ്റു വിതരണ ക്കമ്പനികൾക്ക് പരിധികൾ ഇല്ലാതെ ഓപ്പൺ ആക്സസ്സിന് തുറന്നുകൊടുക്കാൻ സാഹചര്യം ഉണ്ടാക്കിയിരിക്കുന്നു. അങ്ങനെ വൈദ്യുതി എന്ന ഉൽപന്നത്തിന്റെ (the content only) വിതരണത്തിൽ ഒരു മത്സരാധിഷ്ഠിതമായ സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. അത് രാജ്യ ത്തെ പ്രസരണ മേഖലയെപ്പോലെ തന്നെ വിതരണ മേഖലയുടെയും കാര്യക്ഷമത കൂട്ടാനും കൂടുതൽ സ്വകാര്യ മുതൽമുടക്ക് മേഖലയിലേക്ക് ആകർഷിക്കാനും സാധ്യ മാകുന്ന സാഹചര്യം സൃഷ്ടിക്കാനും സഹായിക്കും എന്നാണ് പ്രതീക്ഷിക്കപ്പെ ടുന്നത്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ വൈദ്യു തിയുടെ വിപണനത്തിലും കൈമാറ്റത്തിലും അതിന്റെ ഉൽപന്നം എന്ന സ്വഭാവത്തെയും സർവീസ് എന്ന സ്വഭാവത്തെയും വേർതിരിച്ചു കൈകാര്യം ചെയ്യാൻ സാദ്ധ്യമാകുന്ന സാഹ ചര്യം സൃഷ്ടിക്കപ്പെടുകയും അത് വിതരണ മേഖലയുടെ പ്രശ്നങ്ങളെ കൂടുതൽ ഫലവ ത്തായി കൈകാര്യം ചെയ്യാൻ ബന്ധപ്പെട്ടവരെ പ്രാപ്തരാക്കുകയും ചെയ്യും.

വിതരണ ശൃംഖലയുടെ നിർമ്മാണ ത്തിലും പരിപാലനത്തിലും (wire business) ഒരു മത്സരമല്ല നിയമ ഭേദഗതി ഉദ്ദേശിക്കുന്നത് എന്നതും വൈദ്യുതി എന്ന ഉൽപന്നത്തിന്റെ (Content) വിൽപനയിൽ കൂടുതൽ കമ്പനികളെ അനുവദിച്ച് നിലവിലെ വിതരണക്കമ്പനിയുടെ കുത്തക ഇല്ലാതാക്കി മൽസരത്തിന് സാഹചര്യം സൃഷ്ടിക്കുകയാണ് ഭേതഗതി ഉദ്ദേശിക്കുന്നത് എന്നതും ഇവിടെ കൃത്യമായി മനസ്സിലാക്കേണ്ടതാണ്. (പൊതു മേഖലാ കമ്പനിയാണ് എങ്കിലും കുത്തക കുത്തക തന്നെ!)

പ്രസരണ വിതരണ ശൃംഖല (wire business) ഒരു natural monopoly ആണ് എന്ന തത്വം പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതും അത് രാജ്യത്തെ വൈദ്യുത നയ രേഖകളിൽ പറഞ്ഞിട്ടുള്ളതുമാണ്.

അതുകൊണ്ട് നിയമ ഭേദഗതിയിൽ വിതരണ ശൃംഖലയിൽ ഒരു മൽസരം ഉദ്ദേശിക്കുന്നില്ല എന്നത് വളരെ വ്യക്തമാണ്.

നിലവിലെ വിതരണ ശൃംഖലയുടെ ശേഷി കാര്യക്ഷമമായി ഉപയോഗിക്കാൻ ഉതകുന്ന വിധത്തിൽ ബന്ധപ്പെട്ട എല്ലാ വിതരണക്കമ്പനികൾക്കും ഓപ്പൺ ആക്സസ് അനുവദിക്കുക എന്നതാണ് പുതിയ നിയമ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. അതായത് വിതരണ ശൃംഖല (wire business) ഒരു common carrier ആയിരിക്കും. അത് എല്ലാ കമ്പനികൾക്കുമായി അതിന്റെ ശേഷിയുടെയും മറ്റു സാങ്കേതിക മാനദണ്ഡങ്ങളുടെയും അടി സ്ഥാനത്തിൽ പങ്കുവയ്ക്കപ്പെടും. അങ്ങനെ പങ്കുവയ്ക്കുമ്പോൾ ശൃംഖലയുടെ ഉടമക്ക് ബന്ധപ്പെട്ട ആസ്തിയുടെ മുതൽമുടക്കിനു ലഭിക്കേണ്ട പലിശച്ചെലവും മുതൽ മുടക്കിയ വർക്ക് കൊടുക്കേണ്ട നിശ്ചിത വരുമാനവും തേയ്മാന ചെലവിനും പരിപാലനച്ചെലവിനും ആവശ്യമായ തുകയും സുതാര്യമായ മാനദന്ധ ങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാന ത്തിൽ സംസ്ഥാന റഗുലേറ്ററി കമ്മീഷൻ wheeling charge ആയി ഈടാക്കാൻ അനുവദി ക്കുന്നതാണ് "cost plus approach" എന്നറിയ

പ്പെടുന്ന നിലവിലെ സംവിധാനം. അതു കൊണ്ട് ശൃംഖലയുടെ ഉടമ സ്വന്തം വിതരണ ശൃംഖലാ ആസ്തികൾ പങ്കുവയ്ക്കുന്നതു കൊണ്ട് ശൃംഖല വഴി ഉടമയ്ക്ക് ലഭിക്കുന്ന വരുമാനത്തിന് യാതൊരു കുറവും ഉണ്ടാ കുന്നില്ല എന്നു മാത്രമല്ല ശൃഖലയുടെ കാര്യ ക്ഷമമായ ഉപയോഗത്തിന് ഇത് വഴിയൊരു ക്കുകയും അതുവഴി വൈദ്യുതിയുടെ കൈകാര്യച്ചെലവ് കുറയുവാൻ സാദ്ധ്യത ഏറുകയും ചെയ്യുന്നു എന്നതാണ് വസ്തുത.

ഉദാഹരണത്തിന്, 50% ശേഷി ഉപയോഗി ക്കപ്പെടുന്ന (പ്രതിവർഷം 50 ദശലക്ഷം യൂണിറ്റ് വൈദ്യുതി കൈകാര്യം ചെയ്യപ്പെടുന്ന) ഒരു ലൈനിന്റെ ശേഷി 80% ലേക്ക് (പ്രതിവർഷം 80 ദശലക്ഷം യൂണിറ്റ്) കൂടിയാൽ ആ ആസ്തി യ്ക്കു വേണ്ടി മുതൽ മുടക്കിന് അംഗീകാരം നേടിയപ്പോൾ അതിനായി റഗുലേറ്ററി കമ്മീഷൻ അനുവദിച്ച പലിശച്ചെലവും തേയ്മാനച്ചെലവും പരിപാലനച്ചെലവും 50 ദശലക്ഷം യൂണിറ്റിൽ പങ്കുവെയ്ക്കുന്നത് 80 ദശലക്ഷം യൂണിറ്റിലേ യ്ക്ക് ഉയരുമ്പോൾ വൈദ്യുതിയുടെ താരീഫ് കുറയുക എന്നത് വളരെ സ്വാഭാവികമാണ്.

മാത്രവുമല്ല ആസ്തികൾ പങ്കുവയ്ക്കുക വഴി വൈദ്യുതിയുടെ വിതരണത്തിൽ ഇപ്പോൾ നിലവിലുള്ള കുത്തക സ്വഭാവങ്ങൾക്ക് അറുതി വരുത്താനും ഒരു പരിധിവരെയെങ്കിലും വിതരണരംഗത്ത് മൽസരം കൊണ്ടുവരാനും അതിനെല്ലാം ഉപരി നിലവിലെ വിതരണ ശൃംഖലയുടെ കുറവുകളും സാങ്കേതിക പ്രശ്നങ്ങളും മൂടി വയ്ക്കാനാവാതെ പുറത്തു കൊണ്ടു വരാനും മേഖലയുടെ ശരിയായ പ്രശ്നങ്ങളിലേയ്ക്ക് ബന്ധപ്പെട്ട എല്ലാവരു ടെയും ശ്രദ്ധ കൊണ്ടുവരാനും പറ്റുന്ന ഒരു സാഹചര്യം ഇവിടെ സൃഷ്ടിക്കപ്പെടും എന്ന താണ് നിരീക്ഷണം.

ഇതിനും പുറമെ വിതരണ മേഖലയിൽ വലിയ രീതിയിൽ ആവശ്യമായി വന്നിരിക്കുന യന്ത്രവൽക്കരണത്തിനും ഓട്ടോമേഷനും കമ്പ്യൂട്ടറൈസേഷനും സ്മാർട്ട് മീറ്റർ സ്മാർട്ട് ഗ്രിഡ് പദ്ധതികൾക്കും കാലാനുസൃതമായ മറ്റു മാറ്റങ്ങൾക്കും ആവശ്യമായ മൂലധന നിക്ഷേപം കൊണ്ടുവരാൻ ആവശ്യമായ സാഹചര്യം ഇതു കൊണ്ടുണ്ടാവും എന്നതാണ് ജനറേഷൻ മേഖലയിലും പ്രസരണ മേഖലയിലും സ്വകാര്യ മൂലധനം അനുവദിച്ച ശേഷം വന്ന മാറ്റങ്ങൾ സൂചിപ്പിക്കുന്നത്.

വിതരണ ശൃംഖലയിൽ ഓപ്പൺ ആക്സ്സസ് വഴി ആസ്തികൾ പങ്കുവെച്ച് മൽസരം കൊണ്ടുവരുന്നതിന്റെ പ്രായോഗിക തയിൽ സംശയം പറയുന്നവർ ഇതേ രീതിയിൽ നിലവിലെ ആസ്തികൾ പങ്കുവച്ച് ഇൻഡ്യയിലെ വിതരണ യൂട്ടിലിറ്റികൾ അന്തർ സംസ്ഥാന പ്രസരണ ശൃംഖലയും സംസ്ഥാനത്തെ പ്രസരണ ശൃംഖലയും ഇപ്പോൾ ഉപയോഗിക്കുന്നതിന്റെ തത്വം മനസ്സിലാക്കേണ്ടതാണ്. ഇതേ രീതിയിൽ ഒരു മെഗാവാട്ടിന് മുകളിൽ ശേഷിയുള്ള ഉപഭോക്താക്കൾ രാജ്യത്തെവിടെ നിന്നും വൈദ്യുതി ഓപ്പൺ ആക്സസ് വഴി കൊണ്ടു വരുന്നത് കാണേണ്ടതാണ്. ഇതേ രീതിയിൽ 100 kW ന് മുകളിൽ ഹിരിക് വൈദ്യുതി ഓപ്പൽ ആക്സസ് വഴി ആവശ്യകത അനു സരിച്ച് കൊണ്ടുവരാൻ അനുവാദം കൊടു ത്തിരിക്കുന്നതും അറിയേണ്ടതാണ്..

രാജ്യത്ത് ഇതൊക്കെ ഇപ്പോൾ തന്നെ കാര്യക്ഷമമായി നടപ്പിലാക്കിയിരിക്കു മ്പോൾ വിതരണ മേഖലയിൽ ഇതൊന്നും പ്രായോഗികമല്ല എന്നു പറയുന്നതിന്റെ യുക്തി എന്താണ്?.

അതോടൊപ്പം ജീവനക്കാരുടെ ജോലി സുരക്ഷയെപ്പറ്റി ആശങ്ക പറയുന്നവർ ശൃംഖല നിർമ്മിക്കാനും പരിപാലിക്കാ നുമാണ് മുഖ്യമായും ജീവനക്കാരുടെ ആവശ്യം എന്നതും അത് തുടർന്നും ഒരു monopoly ആയി തന്നെ നിലനിൽക്കു മെന്നും മനസ്സിലാക്കേണ്ടതാണ്. ഉപഭോ ക്താവിന് മേന്മയുള്ള വൈദ്യുതി ഇടതട വില്ലാതെ സുരക്ഷിതമായി എത്തിക്കുവാൻ ആവശ്യമായ രീതിയിലുള്ള ശൃംഖലയുടെ കാര്യക്ഷമമായ പരിപാലനത്തിലും വൈദ്യുതി യുടെ ഭാവിയിലെ ആവശ്യകത നിറവേറ്റാൻ ആവശ്യമായ ആസ്തി നിർമ്മാണത്തിലും അതിന്റെ കാര്യക്ഷമമായ പരിപാലനത്തി ലുമാണ് KSEBL പോലുള്ള ഒരു പൊതുമേ ഖലാ സ്ഥാപനത്തിന്റെയും അതിലെ ജീവന ക്കാരുടെയും ഭാവി നിലനിൽക്കുന്നത്.

ഇതിനും പുറമെ സ്മാർട്ട് മീറ്ററും, Advanced Metering Infrastructure ഉം, RDSS ഉം ഒക്കെ നടപ്പായി കഴിഞ്ഞാൽ വൈദ്യുതി എന്ന ഉൽപന്നം (content) ഉൽപാദകരിൽ നിന്നും വാങ്ങുന്നതു മുതൽ ഉപഭോക്താവിന് അളന്നു കൊടുത്ത് അതിന്റെ വില വാങ്ങുന്നതു വരെ യുള്ള Supply Chain ലിങ്കുകളിൽ കാര്യമായ മാനുഷിക ഇടപെടലുകൾ ആവശ്യമില്ല എന്നതും അതു സംഭവിക്കുന്നതും നിയമ ഭേദഗതിയും തമ്മിൽ വലിയ ബന്ധമൊന്നും ഇല്ല എന്നതും മനസ്സിലാക്കുന്നത് ജോലി സുരക്ഷ എന്ന ആശങ്കാ പ്രചരണത്തിന്റെ അടിസ്ഥാനമില്ലായ്മയെ ആണ് കാണി ക്കുന്നത്.

പൊതുമേഖലാ കമ്പനിയുടെ നിലവിലെ വൈദ്യുത ഉപഭോക്താവ് പുതിയ കമ്പനിയുടെ വാഗ്ദാനത്തിൽ വീണാൽ അത്രയും കുറച്ച് അളവ് വൈദ്യുതി വാങ്ങിയാൽ മതി എന്നതു കൊണ്ട് വൈദ്യുതി വാങ്ങുന്നതിന്റെ ചെലവും കുറയും എന്നതിനാൽ KSEBL പോലുള്ള പൊതുമേഖലാ കമ്പനിക്ക് എവിടെയാണ് റവന്യൂ നഷ്ടം? എവിടെയാണ് നിലനിൽപ്പ് ഭീഷണി?

മാത്രവുമല്ല KSEBL റഗുലേറ്ററി കമ്മീഷ നിൽ കൊടുത്ത കണക്കു പ്രകാരം ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിൽ എത്തുമ്പോൾ ശരാശരി ചെലവ് 7.30 രൂപ ആയിരിക്കുമ്പോൾ അനുവദിക്കാൻ അപേക്ഷ കൊടുത്തത് 6.14 രൂപയ്ക്ക് മാത്രമാണ്. വാങ്ങി വിൽക്കുന്ന വൈദ്യുതിയുടെ അർഹമായ വില ചോദിക്കാൻ പോലും ധൈര്യമില്ലാത്ത പൊതുമേഖലാ സ്ഥാപനത്തിന് എങ്ങനെയാണ് കാര്യക്ഷ മമായി പ്രവർത്തിക്കാനാവുക? രാഷ്ട്രീയ നേതൃത്വത്തിന്റെ ഇംഗിതം അനുസരിച്ച് വലിയ വിലയ്ക്ക് വൈദ്യുതി വാങ്ങി ചെറിയ വിലയ്ക്കും സൗജന്യമായും നൽകുന്നു

ചുരുക്കിപ്പറഞ്ഞാൽ സംഘടനാ ശക്തി യുള്ളവർ സ്വാർഥ ലക്ഷ്യങ്ങൾക്ക് വേണ്ടി മേഖലയിലും സ്ഥാപനത്തിലും ഉണ്ടാവേണ്ട കാലാനുസൃതമായ മാറ്റങ്ങൾക്കെതിരു നിൽക്കുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്. സ്വന്തം കസേരയുടെ സ്ഥാനം സംരക്ഷിക്കാൻ സ്ഥാപനത്തിൽ സാങ്കേതിക മാറ്റങ്ങൾ നടത്തുന്നതിനെതിരെ കൊടി പിടിക്കുന്നവർ തന്നെയാണ് ഇതിലും മുന്നിൽ നിൽക്കുന്നത് എന്നതും യാദൃശ്ചികമല്ലല്ലോ. എന്നാൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായമില്ലാതെ എത്ര നാൾ ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഇങ്ങനെ നിലനിൽക്കാനാവും? കേരള സർക്കാരിന്റെ കീഴിലുള്ള KSRTC യുടെ നിലവിലെ സ്ഥിതി KSEBക്കും പാഠമാകേണ്ടതാണ്.

✵

# വെബ്സൈറ്റിലേക്കുള്ള വഴി



*Er വിവേക് വി.എസ്.*
*അസിസ്റ്റന്റ് എഞ്ചിനീയർ*

ഒരു വെബ്സൈറ്റ് നിങ്ങളുടെ കമ്പ്യൂട്ടറിൽ കിട്ടുന്നത് എങ്ങനെയാണെന്ന് ആലോചിട്ടുണ്ടോ ? നിങ്ങളുടെ ഇന്റർനെറ്റ് കണക്ഷൻ ഉള്ള കമ്പ്യൂട്ടറിൽ അല്ലെങ്കിൽ മൊബൈൽ ഫോണിൽ ഉള്ള ബ്രൗസറിൽ ഏതെങ്കിലും ഒരു വെബ്സൈറ്റിന്റെ അഡ്രസ് ടൈപ്പ് ചെയ്യുമ്പോൾ എങ്ങനെയാണ് വിവരങ്ങൾ നിങ്ങളുടെ കയ്യിൽ എത്തുന്നത്.... ഫേസ്ബുക്ക് പോലുള്ള ഒരു മൊബൈൽ ആപ്പ് നിങ്ങൾ ഉപയോഗിക്കുമ്പോൾ എങ്ങനെയാണ് ദൂരെയുള്ള ഒരു വെബ്സൈറ്റിലെ കാര്യങ്ങൾ നിങ്ങളുടെ കയ്യിൽ എത്തുന്നത് എന്ന് നിങ്ങൾ ഓർത്തിട്ടുണ്ടോ.....

www.kseb.in എന്ന വെബ്സെറ്റ് നിങ്ങൾ ബ്രൗസറിന്റെ അഡ്രസ്സ് ബാറിൽ ടൈപ്പ് ചെയ്യുമ്പോൾ, കെഎസ്ഇബിയെ സംബന്ധിച്ചുള്ള വിവരങ്ങൾ നിങ്ങളുടെ അടുത്ത് എത്തുന്നത് ?

ഒരു വെബ്സൈറ്റുമായി ബന്ധപ്പെട്ട ഏറ്റവും പ്രാധാന്യമുള്ളത് രണ്ട് കമ്പ്യൂട്ടറുകൾക്കാണ്..

1. **ക്ലൈന്റ് :** നിങ്ങളുടെ ഫോൺ, കമ്പ്യൂട്ടർ, ലാപ്ടോപ്പ്, അഥവാനിങ്ങൾ വെബ്സൈറ്റ് ഉപയോഗിക്കുന്ന കമ്പ്യൂട്ടറിനോ മൊബൈൽ ഫോണിനോ പറയുന്ന പേരാണ് ക്ലൈന്റ്. സാധാരണ കമ്പ്യൂട്ടർ എന്ന് ചുരുക്കത്തിൽ പറയാം.

2. **സെർവർ :** നിങ്ങൾക്ക് ഈ വിവരങ്ങൾ തരാൻ മറുഭാഗത്ത് നിൽക്കുന്ന കമ്പ്യൂട്ടറിന്റെ പേരാണ് സെർവർ. നിങ്ങൾ ഉപയോഗിക്കുന്ന വെബ്സൈറ്റിന്റെ എല്ലാ വിവരങ്ങളും അടങ്ങിയ ഒരു വലിയ കമ്പ്യൂട്ടറാണ് സെർവർ. ഉദാഹരണത്തിന് മനോരമയുടെ വെബ്സൈറ്റിൽ കാണുന്ന ലേഖനങ്ങളൊക്കെ ഈ കമ്പ്യൂട്ടറിൽ ആണ് ഉണ്ടാവുക. വലിയ വലിയ വെബ്സൈറ്റുകൾക്ക് ഒന്നിലേറെ സർവറുകൾ ഉണ്ടാകും...

### സർവ്വറിന് സാധാരണഗതിയിൽ രണ്ട് ഘടകങ്ങൾ ഉണ്ട്.

**ഒന്ന് :** വളരെ ശേഷി കൂടിയ ഒരു കമ്പ്യൂട്ടർ - (അങ്ങനെയാകണമെന്ന് നിർബന്ധമൊന്നുമില്ല. ആയിരക്കണക്കിന് പേര് ഒരേ സമയം ഉപയോഗിക്കുന്ന കെഎസ്ഇബിയുടേതിന് പോലുള്ള വെബ് സൈറ്റ് കമ്പ്യൂട്ടർ ശേഷി കുറഞ്ഞത് ആണെങ്കിൽ അതിന്റെ പ്രത്യാഘാതം അതിരൂക്ഷമായിക്കും).

**രണ്ട് :** സെർവർ സോഫ്റ്റ് വെയർ - സർവ്വർ കമ്പ്യൂട്ടറിൽ ഹോസ്റ്റ് ചെയ്ത വെബ്സൈറ്റുകൾ, ആവശ്യപ്പെടുന്ന ആൾക്കാർക്ക് ആവശ്യപ്പെടുന്ന സമയത്ത് ലഭ്യമാക്കുക എന്നുള്ളതാണ് സെർവർ സോഫ്റ്റ് വെയറിന്റെ ധർമ്മം. പല കമ്പനികളും സെർവർ സോഫ്റ്റ് വെയറുകൾ ഇറക്കിയിട്ടുണ്ട്. പ്രൊപ്രൈറ്ററി ആയതും, ഫ്രീ ആൻഡ് ഓപ്പൺസോഴ്സ് ആയതും ഉണ്ട്. ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് അടിസ്ഥാനപ്പെടുത്തിയ ചില സെർവർ സോഫ്റ്റ് വെയറുകൾക്ക് ഉദാഹരണമാണ് അപ്പാഷെ (apache, ടോം ക്യാറ്റ്, എൻജിൻ

എക്സ് മുതലായവ) മൈക്രോസോഫ്റ്റ് വികസിപ്പിച്ചെടുത്ത് പ്രൊപ്രൈറ്ററി ആയ വെബ്സർവർ സോഫ്റ്റ് വെയർ ആണ് മൈക്രോസോഫ്റ്റ് ഇന്റർനെറ്റ് ഇൻഫർമേഷൻ സർവീസസ് (iis)

നിങ്ങൾ ഒരു വെബ്സൈറ്റിൽ ബ്രൗസ് ചെയ്യുമ്പോൾ, വിവരം തരുന്ന ആളാണ് മറുതലക്ക് ഉള്ള സെർവർ കമ്പ്യൂട്ടറും അതിന്റെ സെർവർ സോഫ്റ്റ് വെയറും... ഇനി നിങ്ങൾ ഒരു സൈറ്റിന്റെ പേര് അഡ്രസ് ബാറിൽ ടൈപ്പ് ചെയ്ത് എന്റർ ചെയ്യുമ്പോൾ നിങ്ങൾക്ക് ആ സൈറ്റ് കിട്ടുന്നത് എങ്ങനെയാണ് എന്ന് നോക്കാം. ഇന്റർനെറ്റുമായി കണക്ഷൻ ഉള്ള എല്ലാ കമ്പ്യൂട്ടറുകൾക്കും എല്ലാ ഫോണുകൾ ക്കും, കമ്പ്യൂട്ടർ പോലുള്ള ഉപകരണങ്ങൾക്കും അവയെ തിരിച്ചറിയുന്നതിന് ഒരു നമ്പർ ഉള്ളതുപോലെ. ഈ നമ്പറിനു പറയുന്ന പേരാണ് ഐപി നമ്പർ ഇന്റർനെറ്റ് പ്രോട്ടോ കോൾ നമ്പർ. ഐപി നമ്പറിന് രണ്ടു പതിപ്പു കൾ ഉണ്ട് എന്ന് ഈ അവസരത്തിൽ നമുക്ക് ഓർത്തുവെക്കാം. വേർഷൻ നാല് (ipv4) വേർഷൻ 6 (ipv6). ഈ നമ്പർ ഉപയോഗിച്ചാണ് കമ്പ്യൂട്ടറുകൾ പരസ്പരം തിരിച്ചറിയുക. നിങ്ങൾക്ക് മലയാള മനോരമയുടെ വെബ് സൈറ്റ് കിട്ടണമെങ്കിൽ, മനോരമയുടെ സൈറ്റ് ഇരിക്കുന്ന സെർവർ കമ്പ്യൂട്ടറുമായി കണക്ട് ചെയ്യണം, അതിനായി ആ കമ്പ്യൂട്ടർ സെർവ റിന്റെ ഐപി അറിയണം. ഐ.പി. നമ്പർ സാധാരണഗതിയിൽ ഒരു 12 അക്ക നമ്പർ (dotted decimal format) (32 bit) ആയിരിക്കും. ഈ നമ്പർ ഓർത്ത് വെക്കുക അസാദ്ധ്യമാണ്. നമുക്ക് വ്യക്തികളുടെ ഫോൺ നമ്പർ ഒക്കെ ഓർത്തുവെക്കാൻ ബുദ്ധിമുട്ടുള്ളതു പോലെ. ഈ പ്രശ്നം പരിഹരിക്കാനാണ് ഡിഎൻഎസ് സെർവർ എന്ന സംവിധാനം ഉള്ളത്.

നമ്മൾ ഒരു വെബ്സൈറ്റിന്റെ അഡ്രസ് ബ്രൗസറിൽ ടൈപ്പ് ചെയ്യുമ്പോൾ ബ്രൗസർ ആദ്യമായി തന്റെ മെമ്മറിയിൽ ആ സൈറ്റിന്റെ മെമ്മറിയിൽ ഇതിന്റെ ഐപി അഡ്രസ് ഉണ്ടോ എന്ന് നോക്കും. അല്ലെങ്കിൽ പുറത്തുള്ള ഡിഎൻഎസ് സെർവറിനോട് ചോദിക്കും. നമ്മുടെ തപാൽ ഡിപാർട്ട്മെന്റ് നമ്മൾ അയച്ച കത്തിന്റെ മേൽവിലാസക്കാരനെ കൃത്യമായി കണ്ടെത്തുന്നത് പോലെ ആയിരിക്കും ഇത്.... നമ്മുടെ പോസ്റ്റ് ബോക്സിൽ നിക്ഷേപിച്ച കത്ത് നമ്മുടെ പോസ്റ്റ് ഓഫീസിന്റെ പരിധി യിൽ ആണെങ്കിൽ, നേരിട്ട് കൊടുക്കും. അല്ലെങ്കിൽ പ്രദേശത്തിന്റെ പേരോ ജില്ലയുടെ പേരോ ഉണ്ടെങ്കിൽ അങ്ങോട്ടേക്ക് അയക്കും, അങ്ങനെ അയച്ച മേൽ ഓഫീസിന് തങ്ങളുടെ കീഴിലുള്ള ഓഫീസുകളിലൂടെ മേൽവിലാസ ക്കാരനെ കണ്ടെത്തും.

ഇത് പോലുള്ള ഒരു സംവിധാനമാണ് ഡിഎൻഎസ്. പേര് നോക്കി നമ്പർ കണ്ടു പിടിക്കുകയാണ് ലക്ഷ്യം. സാധാരണഗതി യിൽ നമ്മുടെ ഇന്റർനെറ്റ് സേവന ദാദാവിന്റെ കയ്യിൽ ഒരു പ്രത്യേകതരം ഡിഎൻഎസ് സെർവർ ഉണ്ട്. റിക്കവേഴ്സിവ് റിസോൾവർ (recuversive resolver) ഡിഎൻഎസ് സെർവ്വർ എന്നാണ് ഇതിന്റെ പേര്... നമ്മൾ ചോദിക്കുന്ന ഐപിയുടെ അഡ്രസ്സ് ഈ സെർവറിന്റെ മെമ്മറിയിൽ ഉണ്ടോ എന്ന് സെർവർ പരിശോധിക്കും. ഉണ്ടെങ്കിൽ ആ വെബ് സൈറ്റിന്റെ ഐപി അഡ്രസ്സ് നമ്മുടെ കമ്പ്യൂട്ടറിന് തിരിച്ചുകൊടുക്കും അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട മൂന്ന് പ്രോസസുകളാണ് സംഭവിക്കുക. ആദ്യമായി റിക്കവേഴ്സീവ് ഡിഎൻഎ സെർവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കിടക്കുന്ന ഏതെങ്കിലും റൂട്ട് ഡിഎൻഎസ് സെർവ്വർ (root dns server) എന്ന കമ്പ്യൂട്ടറുമായി ബന്ധപ്പെടുന്നു. നമ്മുടെ അഡ്രസിന്റെ അവസാനഭാഗം .com.in

പോലുള്ള ഒരു ഭാഗം ഉണ്ടാവുമല്ലോ. ആ ഭാഗത്തെ അടിസ്ഥാനപ്പെടുത്തി, ഉള്ള ഐപി അഡ്രസ്സുകൾ ഒക്കെ ഉള്ള ഒരു സർവറിന്റെ അഡ്രസ്സ് കണ്ടെത്തി റിക്കേഴ്സീവ് റിസോൾ വെറിന് കൊടുക്കും. അങ്ങനെ കിട്ടുന്ന സെർവർകളുടെ പേരാണ് ടോപ്പ് ലെവൽ ഡൊമൈൻ സർവർ (top level domain server)....


ഉദാഹരണത്തിന്.com വെച്ച് അവസാനിക്കുന്ന സെറ്റുകളുടെ അഡ്രസ്സ് ഉള്ള ടോപ് ലെവൽ ഡൊമൈൻ സർവറുകളുടെ ഏതാണെന്ന് റൂട്ട്നെയിം സർവർ റിക്കേഴ്സീവ് റിസോൾവർ സർവറിനോട് പറയുന്നു. അടുത്തതായി മുൻ സ്റ്റെപ്പിൽ നിന്നും കിട്ടിയ ടോപ് ലെവൽ ഡൊമൈൻ സർവറിനോട് നമ്മുടെ അഡ്രസ്സിന്റെ ഐപി ഉള്ള സർവറിന്റെ നമ്പർ ചോദിക്കുന്നു. ആ സർവറിന്റെ പേരാണ് അതോറിറ്റിയേറ്റീവ് നെയിം സെർവർ ചോദിക്കുന്നു. ആ സർവറിന്റെ പേരാണ് അതോറിറ്റിയേറ്റീവ് നെയിം സെർവർ (authoritative name server) ആ സർവറിലാണ് നമ്മൾ കൊടുത്ത വെബ് സൈറ്റിന്റെ ഐപി അഡ്രസ്സ് ഉള്ളത്.

നമ്മുടെ ഡിഎൻഎസ് റിസോൾവർ, അതോറിറ്റിയെറ്റിവ് നെയിംസർവറിനോട് നമ്മുടെ വെബ്സൈറ്റിന്റെ ഐപി അഡ്രസ്സ് ചോദിച്ചു വാങ്ങി നമ്മുടെ കമ്പ്യൂട്ടറിന് കൊടുക്കുന്നു. ഇവിടെ പ്രധാനമുള്ള കാര്യം, മൂന്ന് സ്ഥലത്ത് അന്വേഷിച്ചാണ് റിക്കേഴ്സീവ് റിസോൾവർ സർവർ നമുക്ക് വേണ്ട വെബ്സൈറ്റിന്റെ അഡ്രസ്സ് കണ്ടെത്തുന്നത്...

അങ്ങനെ കണ്ടുപിടിച്ച നമ്പർ കമ്പ്യൂട്ടറിനും പിന്നെ ബ്രൗസറിനും കൈമാറുന്നു. ഓരോ വെബ്സൈറ്റിന്റെയും പേരും നേരെ ലഭിച്ച ഈ നമ്പർ നമ്മുടെ കമ്പ്യൂട്ടറും ബ്രൗസറും അവരുടെ മെമ്മറിയിൽ സേവ് ചെയ്തുവെക്കുന്നു... അടുത്ത പ്രാവശ്യം ഈയൊരു വെബ്സൈറ്റിലോട്ട് പോകേണ്ട ആവശ്യം വന്നാൽ ആദ്യം തിരയുക ബ്രൗസറിന്റെയും കമ്പ്യൂട്ടറിന്റെയും മെമ്മറിയിലാണ്. നമ്മൾ ഉദ്ദേശിക്കുന്ന സർവ്വറിന്റെ ഐപി കിട്ടികഴിഞ്ഞാൽ നമ്മുടെ ബ്രൗസർ ആ ഒരു കമ്പ്യൂട്ടറുമായി ബന്ധം സ്ഥാപിക്കുന്നു. ബ്രൗസറിൽ നിന്ന് നമ്മുടെ ആവശ്യങ്ങൾ അഥവാ റിക്വസ്റ്റുകൾ അയക്കുമ്പോൾ, സർവറിന്റെ ഐപിപോലെ പ്രധാനമാണ് നമ്മുടെ കമ്പ്യൂട്ടറിന്റെ ഐപിയും. ഇതു കൂടാതെ പോർട്ട് എന്ന പേരിൽ ഉള്ള ഒരു നമ്പർ കൂടി നമ്മൾ നമ്മുടെ ഐപിക്ക് ഒപ്പം അയക്കുന്നു. ഒരു ബ്രൗസറിന്റെ രണ്ട് ടാബിൽ നിന്നും അയക്കുന്ന നിർദ്ദേശങ്ങൾക്ക് ഈ പോർട്ട് നമ്പർ വ്യത്യാസം ആയിരിക്കും, ഐപി തുല്യമാണെങ്കിൽ കൂടി. അതു കൊണ്ടാണ് നമ്മൾ ഒരു ബ്രൗസറിന്റെ രണ്ട് വ്യത്യസ്ത ടാബിൽ നിന്നും രണ്ട് വ്യത്യസ്ത സർവറിലേക്ക് റിക്വസ്റ്റ് അയച്ചാലും കൃത്യമായ സ്ഥലത്ത് തന്നെ അത് തിരിച്ചെത്തുന്നത്. നമ്മുടെ പോസ്റ്റ് കാർഡിലെ ഫ്രം അഡ്രസ്സ് പോലെ...

ഇങ്ങനെയാണ് നമ്മൾ മനോരമ സൈറ്റിന്റെയൊ കെഎസ്ഇബി സൈറ്റിന്റെയോ അഡ്രസ്സ് ബ്രൗസറിന്റെ അഡ്രസ്സ് ബാറിൽ ടൈപ്പ് ചെയ്യുമ്പോൾ, കൃത്യമായ സർവറിലെത്തി വിവരങ്ങൾ ശേഖരിച്ച് നമ്മുടെ ബ്രൗസറിന്റെ ടാബിൽ എത്തുന്നത്.

✵





# PARENTING:
# A Hard Task Often Neglected

***Er M. Anil***
*Deputy Chief Engineer (Rtd.)*

**Hi!** Folks, in this month, I would like to write about parenting skills, which is considered as the least important amongst various life-skills to be imbibed, by an ordinary Keralite household in bringing up their younger generations. This is equally important to younger generation, who are having children or the older generations, who are blessed with grandchildren as grandparenting also assumes greater importance in our society imparting cultures and values in the younger generations. As most of the parents are busy finding their livelihood in this strenuous world of competition, grandies are usually blessed with abundant time, peace of mind etc. as they had almost peacefully settled after their herculean errands during the past years of their youthhood and late fifty-sixties. I wish to reminisce a pleasant and godly experience I had during the visit to the home of one of my beloved friends in Calicut last month; wherein I could see the walls of the entire house of the two-storeyed building beautifully decorated with the paintings of his younger daughter who is yet to become an adolescent. I was wonder struck and at the same time bore bountiful respect to my close good friend of enviable character & demeanour and his better half for permitting their younger one in trying out her paintings on the newly built house. How many of today's parents will permit such "defacing" of their home walls? The beauty, patience and love for their wonderful daughter is implicitly and eloquently packed in their permissive parenting style, they follow. I literally appreciated with great compassion, the attitude of this wise and understanding parents towards the childish drawings that adorn their walls. The amount of self-confidence and self-worth gathered by this small child in her formative years is beyond value and comparison. A golden salute to these lovely parents on adopting a parenting style conducive to the personal development of their children in a great way!!!

During early adolescence, i.e., during the period between attaining puberty and adulthood, family relationships undergo certain frictions as deteriorating familial ties are often observed between young adolescents, their parents, siblings etc. The so called, generation gaps seem to be more widened between members of the family as parents disregard the growth in their kids during early adolescence and continue to treat them as young children, as before. Many young children have greater exposure to cultural diversities, social and educational opportunities,

unlike their parents, when they were young; also contribute to the widening gap amongst the adolescents and their parents. Many adolescents feel that their parents do not properly understand them and that the parental standards of behaviour and outlook are old-fashioned. Such a belief arose due to the cultural gap, difference in technological development affecting social life etc.; and not due to the difference in age.

**Physical Developments during Adolescence**: Adolescence in children is marked by the period beginning with the onset of puberty and ending when individuals assume adult roles and responsibilities. In the beginning of the adolescent period, the kids feel that they had grown up due to the sudden spurt of physical growth accompanied by achieving puberty which indicates sexual maturity to indulge in pro-creation. Due to the rapid physical growth accompanying attainment of puberty, girls begin to menstruate and boys begin to produce sperms. Boys develop facial & chest hairs, their voices deepen and girls' breasts develop, hips get widened; and both sexes develop pubic hairs and hair in their underarm pits.

**Key Parenting Styles**: Officially, there are four parenting styles exhibited by parents in our cultures. They are *authoritarian, permissive, authoritative* and *rejecting/ neglectful* parenting. Though some developmental psychologists suggest certain other styles like helicopter parenting, attachment parenting, free-range parenting etc., they are all unofficial styles not prescribed in standard literature of developmental or life-span psychology.

*Authoritative Style of Parenting*: If a parent ever told his/ her kids to do something as he/ she is their father/ mother; definitely the style is authoritarian. In authoritarian style, the kids will follow parental instructions during short-term in their initial developmental period, but may turn rebellious during late adolescence. Authoritarian parents lack flexibility because the overarching and demanding rule is that the kid has to follow the parental directions, whatever the situation be. The parent-child relationships lack warmth in such cases and the child always watch for an opportunity to rebel and break away from the family setup.

*Permissive Parenting*: is the polar opposite of the authoritarian style of parenting. Permissive parents normally are their children's best friends and parent them to do according to the child's choices. But if the parent always budges to his/ her child's desires and wants, the child will never understand the consequences of their actions in the real-life situations.

*Authoritative Parenting*: This style is the most suitable for the children and parents alike, as there exist no scope for conflicts in such a style. There is open, unhindered communication between parents and children in this style leading to a win-win situation and the children feel safer to know about the extent to which they can act and parents also feel safer in dictating the boundaries to their kids. Mutual trust is respected in this style and there is no conflict. Authoritative parents enforce rules at home, but they discuss about the pros and cons of their enforcements and make children understand through discussions, responses and finally act flexibly.

*Rejecting/ Neglectful/ Uninvolved Parenting*: This type is similar to permissive; but with no nurturing. "You do whatever you want, I do not care at all", is the attitude of rejecting/ neglectful/ uninvolved parents. Even the strictest parent may adopt this style, when he/ she is completely exhausted or disgusted. Children raised by such parents are more prone to exhibiting anxiety disorders or depression.

Though there exist the above four classification for parenting styles, parent can strictly adhere to any of these styles. Parenting style varies with the temperament of the parent, age of the child, time of the day, fatigue of parent etc. When the parent is full of mental energy, chances are more likely that the style shifts to more authoritative. At the dusk, the parent may feel overwhelmed or fatigued and may permit the children to do whatever they want. As was clear from the above discussion on styles of parenting, authoritative parenting style is the most beneficial one, though there is no rigid proposition that a parent will always behave in a particular style.

**Parental Demandingness & Responsiveness**: Two dimensions underlying differences in parenting styles are parental demandingness and parental responsiveness. Parental demandingness refers to the extent to which parents are strict or exercising control; and parents high on this dimension control their children through power, status and even confront them often angrily, when the children do no adhere to the parental expectations. Parental responsiveness refers to the extent to which parents are involved in and give support to their children and show adequate response to their needs and wants; exhibit focused attention on the concerns and interests showed by the children. Based on the degree of demandingness and responsiveness from parents, swinging between low and high levels, we have the framework of parenting styles as shown in the matrix given in figure 1.





Fig. 1 Matrix depicting Parental Style Framework

Authoritarian parents are high in their demandingness and low in responsiveness. Permissive parents are high in responsiveness and low in demandingness. Authoritative parents re high, in both demandingness and responsiveness and rejecting/ neglectful/ uninvolved parents are low in both demandingness and responsiveness.

**Emotional Changes during Adolescence**: The adolescents are wildly emotional and they experience huge mood swings and turbulent emotional outbursts. During adolescence, though the teenagers agree

with their parents on basic values, future plans and such other matters; they disagree in terms of spending leisure times and on how much money they want as pocket money to spend at their will in the company with other teenager friends and often they exhibit unconducive sexual behaviour clandestinely to release their emotional energy. With authoritarian parents, the children develop more disagreements and often they become rebellious, if the parent does not adapt to the situation, understanding the emotional needs of their children. Generally, at the end of adolescence, by the time children are in the latter teens or close to twenty plus years of age, they develop some sort of natural disagreements with their parents due to their inner urge to be identified as complete grown-up individuals having their own individuality; and conflicts are very much common in almost all households as the kids attain such age. The parents should respect the individuality of their children and adjust to such emotional needs to ward-off such conflicts from further growing into unmanageable situations. Imparting adequate freedom to the growing young adults of the household is a primary responsibility of the parents and they should adjust or modify their parenting style to accommodate the emotional changes in their grown-up children.

**Peer Influence during Adolescence**: Friendships, primarily with members of one's own gender become increasingly important during adolescence. During adolescence, both boys and girls develop extensive social networks amongst their peers who exert considerable influence on the behaviour of our children, which makes them think that his/ her parents are old-fashioned and rearing old belief systems and practices not conducive to the modern standards of living. Hence, parental influences are rejected by the adolescents and they start adopting dress patterns, style of speech etc. from the overall acceptable styles of the peer group. This adoption on the part of the children is made as a measure of conformance to the group norms for inclusiveness and parents need not worry about such developments during adolescence. As the children turn to young adulthood, they show less conformance to their peer group and return to their normal behaviour. Quest for personal identity is another important factor arising out of social development of young adults which occurs naturally with the aid of friends and acquaintances.

Emotional levels in adolescent children are heightened due to the sudden spurt of physical growth and hormonal changes in them; which should properly be understood by the parents and the parents should behave with patience and with a nurturing approach without antagonizing them. The parental approach should be able to instill confidence in the adolescents and children should be made to feel their self-worth, during adolescence for creating a conducive and conflict-free family environment.

കവിത

# നിനക്കുവേണ്ടി

*Er **പി. രാഘവൻ***
*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (റിട്ട.)*



**പാ**ൽചുരം കാട്ടിലെ തേൻ കനി തിന്നുവാൻ
പാറിവാ കൺമണീയെൻ സവിധം
കാട്ടുമാച്ചില്ലയിൽ മാമ്പഴകൂട്ടങ്ങൾ
കനക നിറമാർന്നു തൂങ്ങിനിൽപ്പൂ!

കൂടൊന്നൊരുക്കുവാൻ വേണ്ടുന്ന ചുള്ളികൾ
തേടുന്നുവോ ഘോരശൂന്യതയിൽ ?
എങ്ങുപോയ് മറ്റൊരു കാനനവാസത്തി-
നിന്നെൻ കിനാവിൽ ഞാൻ കൂടുകെട്ടി !
അക്കരെപ്പച്ചയിൽ വേണ്ടാതലയുവാൻ
ഇക്കരെ വിട്ടു ഞാനെങ്ങുമില്ല.
നമ്മുടെ താരുണ്യം വാർന്നുപോ-ഝടിതിയിൽ
കാലപ്രവാഹത്തിൽ അലിഞ്ഞുചേരും
ഹ്രസ്വമാണെങ്കിലും ഇഹവാസ ജീവിതം
ഹൃദ്യമാക്കീടുവാൻ കൂട്ടുവേണം

വീണ്ടുമൊരുവട്ടമീ സുന്ദര ഭൂമിയിൽ-
ജീവിതമില്ലെന്നതോർക്കുക നീ!
ഗഗന വിശാലത മാടിവിളിക്കുമ്പോൾ
സുഗമമായി പാടി പറന്നു വരാം ഓമൽ
പ്രതീക്ഷതൻ ഊഞ്ഞാലുകെട്ടി ഞാൻ
ഓമനേ കാക്കും നിനക്കുവേണ്ടി !

❋

## Letters to the Editor




**കത്തുകൾ അയക്കേണ്ട വിലാസം**

The Chief Editor
**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

# PRAYING HANDS

*Er Thomas Kolanjikombil*
Maramon.

Durer Albrecht (1471-1528) was a German painter and engraver. As an engraver on metal and a designer of wood cuts he ranks higher than as a painter. His copper plate engraverings, The prodigal son, Adam and Eve, Feast of the Rossaries, Assumption of the Virgin, Adoration of Trinity, etc, decorates many museum across Europe.

His powerful drawing 'praying hands', a pen and ink drawing kept in Albertina museum, Vienna, Austria, is his memoir. Durer and his brother Albert had a dream in their childhood. Both want to pursue their talents for arts. But they knew that liquidity crisis shall not allow them to go to Nuremberg Accademy for study. The two boys worked out a pact. They would toss the coin and the winner shall go to Accademy and the loser shall work his study. Durer won and went off to Nuremberg. Albert went down to the dangerous mines and for next four years financed his brother. Durer's work at the Accademy was a sensation. His family arranged a festive dinner on his triumphant home coming. Durer thanked profusely his brother for the years of sacrifice that enabled him to full fill his ambition. He said to his brother "And now Albert, blessed brother of mine, now it is your turn. Now you can go to Nuremberg to pursue your dream, and I will take care of you". Albert replied "No brother, I cannot, it is too late for me, Look...look, what four years in the mines have done to my hands. The bones in every finger have been smashed at least once. My right hand cannot even hold a glass. No brother....for me it is too late". Holding his brother's hands together Durer Albrecht wept copiously. To pay homage to Albert for all that he has sacrificed drew his brother's abused hands with palms together and thin fingers streched skywards. The drawing was named 'Praying hands'. (different versions available on net)

Praying hands, display the silent and selfless sacrifice of true love. There is no better way to show one's loyalty or love to another than through sacrifice. The greatest love a person can have for others is to give his life for them. Love is sacrifice, learning to be selfless in our relationship. "There is more happiness in giving than there is in receiving. Unselfish love brings its own reward"(scripture). "The most selfish thing you can do in this world is to help someone else because it will bring goodness and good feeling in you" (Denzel Washington, us actor). Giving gifts result in longer happiness from the act.

Are we doing act of goodness to impress others. Our mind give for selfish rea-

sons. It want respect from others. It want to make on grand show of how kind and loving we are, in reality its self serving. Let us give from our soul. Soul gives for the sake of giving, out of sincere desire to help others, selflessly, lovingly, without any show, wants nothing in return. When soul gives, it is God within us is giving. Ethical life is stepping stone to spirituality. Ethical living entails developing qualities like humility, love for others, love for nature and selfless service.

'Seva' is the sanskrit word for selfless service. Seva develops, kind and patient attitude in us. If we have thoughts in which we want to help others, then that will cause our words and action to reflect that. When we do all works without expectations of fruits, we get 'chitha sudhi'. "Thy business is with action only, never with its fruits, so let not fruits of action be thy motive, nor be thou to inaction attached" (Gita).

Nature is the best example to selfless service. It gives us light, air, water, food and provide for our every need without expecting anything in return. Nature is patient. Change is integral to nature. God expect us to follow nature's way. Most of our reasons for being unsatisfied is because of our expectations, our impatience and our habit of taking everything for granted.


Dr. Howard Kelly (1858-1943, renowned surgeon and gynaec, Johns Hopkins school of medicine, US) was a poor boy selling goods from door to door to pay for his way through the school. One day, no sale and he was hungry. He decided, he would ask for a meal at the next house. However he lost his nerve when a lovely young woman opened the door. Instead of meal he asked for a glass of water. She thought, he looked hungry, so gave him a glass of milk. After drinking Kelly asked "How much do I owe to you". She replied "Mother has taught us, never accept pay for a kindness". Kelly said "Then I thank you from my heart".

Many years later the same young woman become critically ill. The local doctors referred her to Johns Hopkins hospital. Dr. Howard Kelly was called in for consultation. When he read the name of the town from where the patient came, a strange light filled his eyes. Immediately he went to her room. He recognized her at once. He decided to do his best to save her life. He gave special attention to her. After many days of treatment she recovered. Dr. Kelly called her discharge bill for his approval. He wrote something on it and sent to her room. She feared to open it, for she was sure it would take rest of her life to pay for it all. Her attention was drawn to the 'note' on the side of the bill. 'Paid in full with one glass of milk, signed, Dr.Howard Kelly'. Tears of joy flooded her eyes. She prayed "Thank you God, that your love has spread broad through human heart and hands".

Give the world the best you have,
And the best will come back to you.

✵

**ഗാനമാധുരി - 01**



# ചെണ്ടയും ഗാനങ്ങളിലെ ചെണ്ടയും



*Er പി.വി. പ്രമോദ്*
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

**കേ**രളത്തിന്റെ തനതായ വാദ്യ ഉപകരണമാണ് ചെണ്ട. ഒരു താളവാദ്യമായ ചെണ്ട തുകൽ വാദ്യം അഥവാ **അവനദ്ധ വാദ്യം** എന്ന വിഭാഗത്തിൽ പെടുന്നു: വൃത്താകൃതിയിൽ ചെത്തിമിനുക്കിയ ഏകദേശം രണ്ടടി നീളവും ഒരടി വ്യാസവുള്ള ഒരു തടിക്കുഴലും അതിന്റെ രണ്ടറ്റത്തും വലിച്ചുകെട്ടിയ തുകലുമാണ് ചെണ്ടയുടെ മുഖ്യ ഭാഗം. മൂപ്പുള്ള പ്ലാവിൻ തടി കൊണ്ടു നിർമ്മിക്കുന്ന കുഴലിനെ പറ എന്നും ചെണ്ടക്കുറ്റി എന്നും വിളിക്കുന്നു. പ്രത്യേക രീതിയിൽ പരുവപ്പെടുത്തിയ പശുവിന്റെയും കാളയുടെയും തുകലാണ് ചെണ്ടയുടെ ഇരു വശങ്ങളിൽ ഉപയോഗിക്കുന്നത്. ഇരുഭാഗത്തും തുകലുകൾ പ്രത്യേക വളയങ്ങളിൽ ഉറപ്പിച്ച ശേഷം ഇവ തമ്മിൽ കട്ടിയിൽ പിരിച്ച ചണ നാരുകൾ ഉപയോഗിച്ച് പരസ്പരം കോർത്തു കെട്ടുന്നു.

പതിമുഖം മരത്തിന്റെ കോലുകൾ ഉപയോഗിച്ച് കൊട്ടിയാണ് ചെണ്ടയിൽ ശബ്ദമുണ്ടാക്കുന്നത്. വാദകന്റെ ചുമലിൽ ലംബമായി തൂക്കിയിട്ടാണ് സാധാരണയായി ചെണ്ട കൊട്ടുന്നത്

ചെണ്ടയുടെ രണ്ട് വശങ്ങൾ വ്യത്യസ്ത നാദമാണ് പുറപ്പെടുവിക്കുന്നത്.

ഇവ ഇടന്തല, വലന്തല എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഇടന്തലയുടെ തുകൽ കൂടുതൽ പരുവപ്പെടുത്തിയതും താരതമ്യേന നേർത്തതുമാണ്. ഉച്ചത്വവും മുഴക്കവുമുള്ള ശബ്ദമുണ്ടാക്കുന്ന ഇടന്തലയാണ് സാധാരണയായി മേളങ്ങളിൽ വായിക്കുന്നത്.

വലന്തല കട്ടി കൂടിയ തുകൽ കൊണ്ടു പൊതിഞ്ഞതും ചെറിയ ശബ്ദം പുറപ്പെടുവിക്കുന്നതുമാണ്. ചില പ്രത്യേക സന്ദർഭങ്ങളിൽ മാത്രമാണ് വലന്തല വായിക്കുന്നത്.

കേരളീയ വാദ്യമേളങ്ങളായ തായമ്പക, പഞ്ചാരി, പാണ്ടി, ശിങ്കാരി എന്നിവയുടെ മുഖ്യ വാദ്യമാണ് ചെണ്ട. മിക്കവാറും കേരളത്തിലെ ക്ഷേത്രോൽസവങ്ങളുടെ ഒരു ഭാഗമാണ് ചെണ്ടമേളം. കഥകളി, കൂടിയാട്ടം, കണ്യാർകളി, തെയ്യം മുതലായ കേരളീയ കലാരൂപങ്ങളിലും ചെണ്ട ഉപയോഗിക്കപ്പെടുന്നു.

നേർത്ത ദലമർമ്മര ശബ്ദം മുതൽ വലിയ ഇടിമുഴക്കത്തിന്റെ നാദം വരെ സൃഷ്ടിക്കാൻ കഴിയുന്ന വാദ്യമാണ് ചെണ്ട. എല്ലാ താളവും ചെണ്ടയ്ക്കു താഴെ എന്നൊരു പഴഞ്ചൊല്ലു തന്നെയുണ്ട്.

ചെണ്ട രണ്ടു തരമുണ്ട് ഉരുട്ടു ചെണ്ടയും വീക്കു ചെണ്ടയും.

ഉരുട്ടു ചെണ്ട നാദത്തിൽ വ്യതിയാനങ്ങൾക്കും വീക്കു ചെണ്ട താളത്തിനായും ഉപയോഗിക്കുന്നു. സാധാരണയായി മേളങ്ങളിൽ ഉപയോഗിക്കുന്നത് ഉരുട്ടു ചെണ്ടയാണ്. അതിനാൽ ഇത് മേളച്ചെണ്ടയെന്നും വിളിക്കപ്പെടുന്നു.

വീക്കുചെണ്ട അല്പം ചെറുതും കട്ടി കൂടിയ തുകലോടു കൂടിയതുമാണ്. ഇതിന്റെ ശബ്ദം പതിഞ്ഞതാണ്. ക്ഷേത്രങ്ങളിൽ ബലി

തൂവുന്നതിന് ഉപയോഗിക്കുന്നത് വീക്കു ചെണ്ട യാണ്.

ചെണ്ട അസുര വാദ്യം എന്നു വിശേഷിപ്പിക്കപ്പെടുന്ന വാദ്യങ്ങളുടെ ഗണത്തിൽപ്പെടുന്നു. നേർത്ത ശബ്ദമുണ്ടാക്കുന്ന വലന്തലയെ ദേവഭാഗം എന്നും ഉച്ചശബ്ദം സൃഷ്ടിക്കുന്ന ഇടന്തലയെ അസുരഭാഗം എന്നും പറയാറുണ്ട്. കേരളീയ കലകളിൽ ഉപയോഗിക്കുന്ന മദ്ദളം, ചേങ്ങില, ഇലത്താളം തുടങ്ങിയ വാദ്യങ്ങളെല്ലാം തന്നെ അസുര വാദ്യങ്ങളായാണ് കണക്കാക്കപ്പെടുന്നത്.

ചെണ്ട എന്ന പേരിൽ ഒരു മലയാള ചലച്ചിത്രം 1973 ൽ എ. വിൻസെന്റ് മാസ്റ്ററുടെ സംവിധാനത്തിൽ ഇറങ്ങിയിട്ടുണ്ട്. ചെണ്ടയ്ക്കു വേണ്ടി സ്വന്തം ജീവിതം സമർപ്പിച്ച ഒരു കലാകാരന്റെയും മോഹിനിയാട്ടം നർത്തകിയായ പ്രണയിനിയുടെയും കഥ പറയുന്ന ഈ ചിത്രത്തിൽ കേരളീയ കലകളായ മോഹിനിയാട്ടം, കഥകളി തുടങ്ങിയ ക്ലാസ്സിക്കൽ നൃത്തങ്ങളും ചെണ്ടമേളമായ തായമ്പകയും സാന്നിധ്യമറിയിക്കുന്നു.

സാധാരണയായി ചലച്ചിത്രഗാനങ്ങളിൽ ചെണ്ട പശ്ചാത്തല സംഗീതോപകരണമായി വരുന്നത് അപൂർവമാണ്. എന്നാൽ ചലച്ചിത്രത്തിന്റെ പേരുതന്നെ അന്വർഥമാക്കുന്ന രീതിയിൽ ചെണ്ടയുടെ ശബ്ദം പശ്ചാത്തല സംഗീതത്തിൽ മുഴങ്ങുന്നതാണ് ചെണ്ട എന്ന ചലച്ചിത്രത്തിലെ ഭൂരിപക്ഷം ഗാനങ്ങളും. മദ്ദളവും ഇടയ്ക്കയും ചേങ്ങിലയും ചില ഗാനങ്ങളിലുണ്ട്.പി.ഭാസ്കരൻ, വയലാർ രാമവർമ്മ, സുമംഗല, ഭരണിക്കാവ് ശിവകുമാർ എന്നീ നാലു ഗാന രചയിതാക്കൾ രചിച്ച് ദേവരാജൻ മാസ്റ്റർ ഈണം നൽകിയ ഗാനങ്ങൾ മിക്കതും രാഗാധിഷ്ഠിതമായ അഭിനയ സംഗീത രൂപത്തിലുള്ളതാണ്. ആലാപനവും നൃത്തവും വാദ്യമേളവും തമ്മിൽ പരസ്പരം സമന്വയിച്ച ഗാനങ്ങൾ എല്ലാം തന്നെ മനോഹരങ്ങളാണ്.

പി. ഭാസ്ക്കരൻ മാസ്റ്ററുടെ രചനയിൽ മാധുരി ആലപിച്ച മനോഹര ഗാനമാണ്.

*'താളത്തിൽ താളത്തിൽ*
*താരമ്പൻ കൊട്ടുന്ന*
*മേളത്തിൽ ചിലങ്കകൾ കിലുങ്ങി*
*ഗാനത്തിൽ ഓളത്തിൽ*
*ആനന്ദനടനത്തിൽ*
*ചേണുറ്റ മലർമെയ് കുലുങ്ങി'.*

താള പ്രാധാന്യമുള്ള ഗാനം മധ്യമാവതി രാഗത്തിലുള്ളതാണ്. മുളങ്കാടിന്റെ പ്രകൃതി പശ്ചാത്തലത്തിൽ രംഗ ചിത്രീകരണം നടത്തിയ ഗാനത്തിലെ നൃത്തച്ചുവടുകളും ചെണ്ടയുടെ താളപ്രയോഗവും സമന്വയിക്കുന്ന ഗാനം അപൂർവമായ ദൃശ്യശ്രവ്യ വിരുന്നൊരുക്കുന്നു.

ഭാസ്കരൻ മാസ്റ്റർ രചിച്ച് യേശുദാസ് പാടിയ ഗാനമാണ്

*'ചാരുമുഖീയുഷമന്ദം*
*മാരലീലാ ലോലയായി*
*തന്നുടെ സുന്ദര നന്ദന സീമനി*
*ചെന്നിതു മൻമഥ ചിന്തയിൽ മുഴുകി'*

കഥകളി സംഗീതം ആധാരമാക്കിയ ഈ ഗാനം സൗരാഷ്ട്രം രാഗത്തിൽ ചിട്ടപ്പെടുത്തിയതാണ്. ഗാനത്തിന്റെ ആദ്യാവസാനം ചെണ്ട മേളത്താൽ ശബ്ദമുഖരിതമായ അന്തരീക്ഷമാണ്.

ഭാസ്കരൻ മാസ്റ്റർ തന്നെ രചിച്ച് മാധുരി പാടിയ ക്ലാസ്സിക്കൽ നൃത്തച്ചുവടുകളുടെ ഗാനമാണ്

*'സുന്ദരിമാർ കുല മൗലികളെ*
*പന്തടിച്ചു കളിക്കുക നാം*
*ഉർവശിയെവിടെ മേനകയെവിടെ*
*ഉമ്പർകോൻ പുരിയിലെ രംഭയെവിടെ'*

കേരള പശ്ചാത്തലത്തിലുള്ള ശാസ്ത്രീയ നൃത്തവും മേള സംഗീതവും ഒത്തു ചേരുന്ന

ഈ ഗാനം ചിട്ടപ്പെടുത്തിയിരിക്കുന്നത് നീലാംബരി രാഗത്തിലാണ്. നർത്തകിയുടെ അംഗപ്രത്യംഗ ചലനങ്ങൾ സൃഷ്ടിക്കുന്ന ദൃശ്യവിരുന്നും മദ്ദളവും ഇടയ്ക്കയും ചേർന്ന് സൃഷ്ടിക്കുന്ന അവാച്യമായ നാദവിസ്മയവും സമന്വയിക്കുന്ന നൃത്ത ഗാനമാണിത്. രംഗകലകളിൽ വേദിയിൽ സ്ത്രീവേഷം അവതരിപ്പിക്കുമ്പോൾ വാദ്യമായി ചെണ്ടയ്ക്കു പകരം മദ്ദളമാണ് പരമ്പരാഗതമായി ഉപയോഗിക്കുന്നത്. അതുകൊണ്ടാവാം ഗാനദൃശ്യത്തിൽ വാദകന്റ അരക്കെട്ടിൽ സമാന്തരമായി കെട്ടിയുറപ്പിച്ച് ഇരുകൈ വിരലുകൾ കൊണ്ട് വായിക്കുന്ന മദ്ദളം പ്രത്യക്ഷപ്പെടുന്നത്.

സുമംഗല എന്ന തൂലികാനാമത്തിൽ പിൽക്കാലത്ത് പ്രശസ്തയായ ബാലസാഹിത്യകാരി ലീലാ നമ്പൂതിരിപ്പാട് രചിച്ച് മാധുരി ആലപിച്ച ഗാനമാണ്.

*'അക്കരെയക്കരെയമ്പലമുറ്റത്ത-*
*ശോക മരമൊന്നു നിൽപ്പൂ*
*പൂക്കാതെ തീരെ തളിർക്കാതെ*
*ചില്ലക്കൈ താഴ്ത്തിതളർന്നു വിവശനായി'*

ഒരു കഥാഗാനമെന്ന രീതിയിൽ രചിക്കപ്പെട്ടതാണ് ഈ ഗാനം. ക്ഷീണിച്ചു വാടി നിൽക്കുന്ന ഒരു അശോകമരത്തെ നനപരിപാലനങ്ങളിലൂടെ ഒരു നർത്തകി പൂത്തു തളിർത്ത നിലയിലാക്കുന്നതാണ് ഗാന വരികൾ. കല്യാണി രാഗത്തിൽ നൃത്ത ഗാന രൂപത്തിൽ ചിട്ടപ്പെടുത്തിയ ഗാനത്തിന്റെ പശ്ചാത്തല സംഗീതത്തിലും ചെണ്ടയുടെ സാന്നിധ്യമുണ്ട്.

ചെണ്ടയിലെ ഏറ്റവും ശ്രദ്ധേയമായത് ഒരു പക്ഷെ വയലാർ രചിച്ച

*'നൃത്യതി നൃത്യതി ബ്രഹ്മപദം*
*നക്ഷത്ര നവഗ്രഹ ഹംസ പദം'*

എന്ന യേശുദാസ് ആലപിച്ച ഗാനമാണ്. പ്രപഞ്ചത്തിന്റെ ഭ്രമണതാളവും സംഗീതത്തിലെ ധ്വനി പ്രതിധ്വനികളുടെ പ്രണവതാളവും തുടിയുടെ ലയതാളവുമെല്ലാം പ്രതിപാദ്യമാക്കുന്ന ഗാനവരികൾ ഒരു സാഹിത്യസംഗീത സമന്വയ ലോകം തന്നെ സൃഷ്ടിക്കുന്നു. കല്യാണി രാഗത്തിൽ ചിട്ടപ്പെടുത്തിയ ഈ ഗാനത്തിന്റെ തുടക്കത്തിൽ ഒരു പശ്ചാത്തല വാദ്യമെന്ന നിലയിൽ ചെണ്ടയുടെ മനോഹര പ്രയോഗമുണ്ട്. ഗാനവരികളിൽ സൂചിപ്പിക്കുന്നതുപോലെ വീണാ വേണു മൃദംഗ നിനാദം സൃഷ്ടിക്കുന്ന വാദ്യവൃന്ദം ഗാനത്തിന്റെ ആസ്വാദകനെ സംഗീതത്തിന്റെ മറ്റൊരു ലോകത്തെത്തിക്കുന്നു.

ചരണാന്ത്യങ്ങളിലെ താളം എന്ന പദത്തിലെ ബ്യഹപ്രയോഗം അസാമാന്യവും സവിശേഷവുമാണ്.

വയലാർ ദേവരാജൻ കൂട്ടുകെട്ടിൽ പിറന്ന ഏറ്റവും മികച്ച ഗാന സൃഷ്ടികളിലൊന്നാണ് ഈ ഗാനം.

ചതുർവേദം (1977) എന്ന ചിത്രത്തിൽ ശ്രീകുമാരൻ തമ്പി രചിച്ച് ദേവരാജൻ മാസ്റ്റർ ഈണം നൽകിയ ഗാനമാണ്.

*'ചാരുസുമരാജീമുഖീ സാദരം വരികരികിൽ*
*പൂങ്കണയെയ്തെന്നെ ഇന്നു പൂവമ്പൻ*
*കൊന്നിടും മുമ്പെ'*

കഥകളി സംഗീതത്തിന് ഉപയോഗിക്കുന്ന കർണാടക സംഗീത രാഗങ്ങളിലൊന്നായ നാട്ടക്കുറിഞ്ചിയിലാണ് ഈ ഗാനം ചിട്ടപ്പെടുത്തിയത്.

കഥകളി സംഗീതത്തിലെ മുഖ്യ വാദ്യമായ ചെണ്ടയുടെ സമൃദ്ധമായ പ്രയോഗമാണ് ഗാനത്തിലുടനീളം.

ഡെയ്ഞ്ചർ ബിസ്ക്കറ്റ്(1969) എന്ന ചിത്രത്തിൽ ശ്രീകുമാരൻ തമ്പി രചിച്ച് ദക്ഷിണാമൂർത്തി സ്വാമി ഹരഹരപ്രിയ രാഗത്തിൽ ചിട്ടപ്പെടുത്തിയ കഥകളി സംഗീത ബന്ധമുള്ള ഗാനമാണ്.

*'ഉത്തരാസ്വയംവരം കഥകളി കാണുവാൻ*
*ഉത്രാടരാത്രിയിൽ പോയിരുന്നു*
*കാഞ്ചനക്കസവുള്ള പൂഞ്ചേലയുടുത്തവൾ*
*നെഞ്ചെയ്യും അമ്പുമായ് വന്നിരുന്നു.'*

കേരളത്തിലെ പ്രഗൽഭ കഥകളി കലാകാരൻമാരായ കുടമാളൂർ കരുണാകരൻ നായർ, മാങ്കുളം വിഷ്ണു നമ്പൂതിരി, ഹരിപ്പാട് രാമകൃഷ്ണപിള്ള, ചെങ്ങന്നൂർ രാമൻപിള്ള എന്നിവരുടെയും ചെണ്ടവാദകനായ വാരണാസി മാധവൻ നമ്പൂതിരിയുടെയും പേരുകൾ വരികളിൽ നിറയുന്ന ഗാനമാണിത്. ഗാനത്തിന്റെ ചരണത്തിൽ വാരണാസി തൻ ചെണ്ടയുണർന്നുയർന്നു എന്ന വരികൾക്കു അനുബന്ധമായി ചെണ്ടയുടെ ഒരു മനോഹര പ്രയോഗമുണ്ട്. ഗാന വരിയിൽ സൂചിപ്പിച്ച ചെണ്ടവാദകൻ 'വാരണാസി തന്നെയായിരുന്നു' ഈ ഗാനത്തിന്റെ ശബ്ദലേഖനത്തിന് മദ്രാസിലെ റെക്കോഡിങ്ങ് സ്റ്റുഡിയോയിൽ ചെണ്ടവായിച്ചത് എന്നത് കൊണ്ടും ഗാനം ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

**അവലംബം**


1. ചെണ്ടയെ പറ്റിയുള്ള വിവരങ്ങൾ വിക്കിപീഡിയ
2. Dr. S വെങ്കിട സുബ്രഹ്മണ്യ അയ്യർ സംഗീത ശാസ്ത്ര പ്രവേശിക(കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, Tvm)
3. G. ദേവരാജൻ ദേവഗീതികൾ (ഓതൻറ്റിക് ബുക്സ്,Tvm)
4. Dr. S. ഭാഗ്യലക്ഷ്മി രാഗലക്ഷണ ദീപിക CBH പബ്ലിക്കേഷൻസ്


✵

കവിത

# പൊന്നോണം




*Er. **കെ.എം. രാമൻ നമ്പൂതിരി***
*അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ (റിട്ട.)*


**വ**രികനീ പൊന്നോണമേ വരിക നീ പൊന്നോണമേ
കേരള നാട്ടിൽ ചിങ്ങ മാസത്തിലത്യുത്സവം
കള്ളകർക്കിടകത്തിൻ കഷ്ടത മറന്ന നാം
മാവേലി മന്നൻ തന്നെ വരവേൽക്കുവാനായി

മാലോകർ സന്തോഷത്താൽ കൃഷിവൃത്തിയിൽ പാരം
ആമോദം വിഹരിപ്പു വിളവും തുടങ്ങവേ
ഓണമോ വിശ്വോത്തര സമൃദ്ധി തന്റെ വര-
ദാനമെന്നപോൽ നമ്മെ തഴുകി തലോടവെ


മണ്ണുകൊണ്ടുനാം മാതേവരെയുമുണ്ടാക്കുന്നു
പൂജകൾ നടത്തുന്നു സമൃദ്ധം സദ്യക്കൊപ്പം
കാളനോലനും കായചേനയും വറുത്തത്
പാലടപ്രഥമനും പപ്പട വിശേഷങ്ങൾ

ഓണക്കോടികൾ പിഞ്ചുകുട്ടികൾ തൊട്ടേവർക്കും
സാദരം സന്തോഷത്തിൽ മാറ്റുരക്കുന്നു പാരം
തൻപ്രജകളെ കാണാൻ മാവേലി എത്തുന്നേരം
എങ്ങുമെ ഐശ്വര്യത്തെ ദർശിക്കുവാനെന്നപോൽ

ഓണക്കാലത്തെക്കുറിച്ചോർക്കുമ്പോൾ നമ്മൾക്കെല്ലാം
മനസ്സിലഭിമാനം അലതല്ലന്നുപാരം
പൂക്കളങ്ങളും ഓണതല്ലുമായ് വിഹരിപ്പൂ
മാവേലി പ്രജകളെ കാണുവാനെത്തുന്നേരം.

***സീമനി***

✵



സുഭാഷിതം

# ബന്ധനം



*Er കെ. ശശിധരൻ* (റിട്ട.)
കണ്ണൂർ

**പ**ലപ്പോഴും നമ്മുടെ മനസ്സിനെ അദൃശ്യ കയറിനാൽ ബന്ധിച്ചിരിക്കാം. അതിന് ബാല്യത്തിലെ ചിന്തകളും അറിവുകളും അനുഭവങ്ങളും കാരണമായിട്ടുണ്ടാകാം. ജീവിതത്തിൽ എത്ര തിക്ത അനുഭവങ്ങളുണ്ടായാലും ജീവിച്ചുകൊണ്ടിരിക്കുന്ന രീതിയിൽ നിന്ന് മാറാത്ത ആൾക്കാരെ കാണാം. ആര് എന്ത് ഉപദേശിച്ചാലും അയാൾ മാറാൻ തയ്യാറാകില്ല. അദൃശ്യ കയറിനാൽ ബന്ധനസ്ഥനായ മനസ്സിന്റെ ഉടമയാണയാൾ. ഇത് ഗുണമായും ദോഷമായും അനുഭവപ്പെടുന്നു.

കുഞ്ഞുന്നാളിലെ ചിട്ടയായി ജീവിക്കാൻ ശീലിച്ച കുട്ടികൾ എത്ര മുതിർന്നാലും നല്ല ശീലങ്ങൾക്ക് വിട്ടുവീഴ്ചയില്ലാതെ ജീവിതം തുടരുന്നതുകാണാം. അതുപോലെ ചെറുപ്പത്തിൽ അച്ചടക്കമില്ലാതെ ജീവിച്ചു വളർന്ന കുട്ടികൾ മുതിർന്നാൽ കുത്തഴിഞ്ഞ ജീവിതം നയിച്ച് നശിക്കുന്നതും കാണാം.

മനസ്സിനാണ് ഇതിന്റെയൊക്കെ നിയന്ത്രണം. ഇല്ലാത്തതിനെ കാണുവാനും ഉള്ളതിനെ കാണാതിരിക്കുവാനും മനസ്സിന് കഴിയും. ഏസി മുറിയിൽ കിടന്ന് വിയർക്കുന്നവരെ കാണാം അയാളുടെ മനസ്സിലൂടെ അത്രയും ചൂട് അനുഭവപ്പെടുന്ന കാര്യങ്ങൾ കടന്നു പോകുന്നുണ്ടായിരിക്കാം. ഏസിയുടെ തണുപ്പിലും ചൂടാകാൻ മാത്രം കഠിനമായ കെട്ട് അയാളുടെ മനസ്സിനെ ബാധിച്ചിരിക്കുന്നു. അത് എന്താണെന്ന് കണ്ടെത്താൻ സാധിച്ചാൽ അത് മുറിച്ചുമാറ്റി സുഖമായി കിടന്നുറങ്ങാം.

ഒരു കർഷകൻ തന്റെ മൂന്നു കഴുതകളെ ചന്തയിൽ വിൽക്കുവാനായി കൊണ്ടു പോകുകയായിരുന്നു. പോകുന്ന വഴിയിൽ ഒരു പുഴ ഒഴുകുന്നുണ്ടായിരുന്നു. ഒന്നു കുളിച്ചു ക്ഷീണം അകറ്റുവാൻ കർഷകൻ തീരുമാനിച്ചു. അയാൾ കഴുതകളെ കെട്ടുവാൻ കയറെടുത്തു. പക്ഷെ അയാളുടെ കൈയിൽ രണ്ടു കയറുകളെ ഉണ്ടായിരുന്നുള്ളു. കർഷകൻ വിഷമത്തിലായി. അയാൾ ചുറ്റും നോക്കിയപ്പോൾ അടുത്തൊരു ആൽമരച്ചുവട്ടിലിരുന്നു ധ്യാനിക്കുന്ന ഒരു സന്യാസിയെ കണ്ടു. കർഷകൻ സന്യാസിയോട് തന്റെ ആവശ്യം ബോധിപ്പിച്ചു. സന്യാസി പറഞ്ഞു. താങ്കൾക്കു മൂന്നാമത്തെ കഴുതയെ ഓടിപ്പോകാതെ സൂക്ഷിക്കണമെങ്കിൽ ഒരു കാര്യം ചെയ്യുക. രണ്ടു കഴുതകളെ മൂന്നാമത്തെ കഴുത കാണുന്ന വിധത്തിൽ കെട്ടിയിട്ട് അതിനെ കെട്ടുന്നതുപോലെ ആംഗ്യം കാണിക്കുക. ഇതു കാണുമ്പോൾ മൂന്നാമൻ തന്നെയും അവിടെ ബന്ധിച്ചിട്ടുണ്ട് എന്നു വിശ്വസിച്ചുകൊള്ളും. കർഷകൻ അങ്ങിനെ തന്നെ ചെയ്തു.നന്നായി ആസ്വദിച്ചു കുളിച്ച് അയാൾ തിരികെ വന്നു. കഴുതകൾ മൂന്നും അവിടെ തന്നെ ഉണ്ടായിരുന്നു. കർഷകൻ കയറുകൊണ്ട് മരത്തിൽ കെട്ടിയിരുന്ന രണ്ടുകഴുതകളെയും അഴിച്ചു മുന്നോട്ടു നടന്നു. എന്നാൽ മൂന്നാമത്തെ കഴുത അവിടെത്തന്നെ നിന്നു. കർഷകൻ കഴുതയെ വിളിച്ചു... അതനങ്ങിയില്ല. അയാൾ അതിനെ ശാസിച്ചു. അടിച്ചു. എന്നിട്ടും അനങ്ങിയില്ല. അയാൾ അതിനെ മാരകമായി തൊഴിച്ചു നോക്കി, കഴുത അനുസരിച്ചില്ല. കർഷകൻ വീണ്ടും സഹായത്തിനായി സന്യാസിയുടെ അടുത്തെത്തി. സന്യാസി ചോദിച്ചു. "നിങ്ങൾ കഴുതയുടെ കയർ അഴിച്ചായിരുന്നോ ?"

## നാടുനന്നാകാൻ - ൧

# നമ്മുടെ പൊതുഗതാഗതം



Er ഇ.എം. നസീർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)

“വളരെയേറെ ശോചനീയാവസ്ഥയി ലാണ് നമ്മുടെ പൊതുഗതാഗത രംഗം. പൊതു യാത്രാ വാഹനങ്ങളുടെ ആവശ്യം ഏറെ, ലഭ്യതയോ വളരെക്കുറവും. കൃത്യ നിഷ്ഠയുടെ കാര്യത്തിൽ വലിയ പോരായ്മകൾ, നിലവാരമില്ലാത്ത വാഹനങ്ങൾ, ജീവന ക്കാരുടെ അഹങ്കാരവും അനാസ്ഥയും, ഇവയു ടെയൊക്കെ സമന്വയമാണ് നമ്മുടെ പൊതു ഗതാഗത സമ്പ്രദായമെന്ന് പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല.

KSRTC യുടെ വാഹനങ്ങൾക്കായി വല യുന്ന യാത്രക്കാർക്ക് ആശ്വാസം പകരാൻ വേണ്ട സംവിധാനങ്ങൾ പലപ്പോഴും ലഭ്യമാ കാറില്ല. പ്രധാന സ്റ്റേഷനുകളിൽ നിന്നുപോലും യാത്രാ ക്കാരുടെ അന്വേഷണങ്ങൾക്ക് തൃപ്തികരമായ മറുപടി കിട്ടാറില്ല, ബസ് വർക്കുഷോപ്പിലാണ്. സ്റ്റാഫ് ലീവിലാണ്, റിപ്പയറിംഗ് നടക്കുന്നു, മറ്റ് സ്റ്റേഷനുകളിൽ നിന്നുള്ള ബസ്സുകൾ വന്നേയ്ക്കും... തുടങ്ങിയ എങ്ങും തൊടാ തെയുള്ള മറുപടികളാണ് പൊതുവേ കിട്ടുക. ഇത്തരം മറുപടികൾക്കു പകരമായി വ്യക്ത മായതും ആശ്വാസകര വുമായ മറുപടികൾ കണ്ടെത്തി നൽകാൻ ഉദ്യോഗസ്ഥർക്ക് ബുദ്ധി മുട്ടുണ്ടാകേണ്ട ന്യായമായ കാരണങ്ങളൊന്നു മില്ല. അതിനുള്ള കരുതൽ സംവിധാനങ്ങൾ ⇨

---

“ അതിനു ഞാൻ കഴുതയെ കെട്ടിയിരു ന്നില്ലല്ലോ...!”

സന്യാസി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു “ അല്ലയോ സുഹൃത്തേ, ഇല്ലാത്ത കയറു കൊണ്ട് അതിനെ കെട്ടിയിട്ടിട്ടാണ് താങ്കൾ കുളിക്കുവാൻ പോയതെങ്കിൽ ആ കയർ അഴി ക്കുന്നതായും കഴുതക്കു ബോധ്യപ്പെടണം. അതിനെ അഴിക്കുന്നതുപോലെ ഒന്നു കാണി ക്കൂ... പിന്നെ എല്ലാം ശരിയായിക്കൊള്ളും”.

കർഷകൻ കഴുതയുടെ മുമ്പിൽ ചെന്നു മരത്തിൽ നിന്നും കയർ അഴിക്കുന്നതുപോലെ കാണിച്ചു. പിന്നെ കഴുതയോടു നടക്കാൻ പറഞ്ഞു. തലയൊന്നാട്ടി ശരീരം ഒന്നു കുടഞ്ഞു കഴുത മുന്നോട്ടു നടന്നു.

ഇതുപോലെ നമ്മുടെ മനസ്സിനെ കെട്ടിയിട്ടിരിക്കുന്ന ചില ചിന്തകളുണ്ടാകാം. ചിലപ്പോൾ ആ കയറുകൾ നമ്മുടെ ചെറുപ്പ കാലത്തെ അനുഭവങ്ങളോ, അഭിപ്രായങ്ങളോ ആകാം. എന്തു തന്നെയായാലും അത്തരം നിഷേധ ചിന്തകളാകുന്ന കയറുകളുടെ കെട്ടുകളിൽ നിന്നും നമ്മുടെ മനസ്സിനെ മോചിപ്പിക്കുക. പുതിയ സാധ്യതകൾ നമ്മുടെ മുന്നിൽ തെളിയുന്നതു കാണാം. അത് നമ്മുടെ ജീവിത വിജയത്തിന് കരുത്തേകും.

പുതിയ സംരംഭവുമായി മുന്നേറാൻ ശ്രമിക്കുമ്പോഴാണ് ബന്ധിച്ചിരിക്കുന്ന കയറു കളുടെ കുരുക്കുകൾ നമ്മെ വരിഞ്ഞ് മുറിക്കിയതായി പലപ്പോഴും നാം അറിയുന്നത്.

പഴയ അനുഭവങ്ങളിലൂടെ മനസ്സിനെ പഠിപ്പിച്ചുറപ്പിച്ച കാര്യങ്ങൾ പുതിയ അവസര ങ്ങളുടേയും സാധ്യതകളുടേയും വെളിച്ച ത്തിൽ വിശകലനം ചെയ്ത് തള്ളേണ്ടതിനെ തള്ളിയും കൊള്ളേണ്ടതിനെ കൊണ്ടും മന സ്സിനെ പാകപ്പെടുത്തുക. അതിന് നമുക്കോ രോരുത്തർക്കും സാധിക്കുമാറാകട്ടേയെന്ന് പ്രാർത്ഥിക്കുന്നു.

✵

ഒരുക്കുകയേ വേണ്ടു. യാത്രക്കാരാണ് തങ്ങളെ നിലനിറുത്തുന്നതെന്ന ബോദ്ധ്യം അവർക്കുണ്ടായാൽ മതി. ബസ് സ്റ്റോപ്പുകളിലും കാത്തിരിപ്പു കേന്ദ്രങ്ങളിലും വാഹനം കാത്തു കഴിയുന്നവർക്ക് തങ്ങൾക്ക് യാത്ര ചെയ്യേണ്ട വാഹനങ്ങളെക്കുറിച്ച് അറിവ് ലഭിക്കാൻ വേണ്ട യാതൊരു സംവിധാനങ്ങളുമില്ല. വന്നാൽ വന്നു, പോയാൽ പോയി എന്നതാണ് സ്ഥിതി. ബസ്സുകളുടെ കൃത്യമായ സമയ വിവര പട്ടിക ഇവിടെയൊക്കെ ഉണ്ടാകേണ്ടതാണ്, അതനുസരിച്ച് വാഹന ങ്ങളുടെ വരവും പോക്കും നടക്കുന്നുണ്ടോ യെന്ന് സൂക്ഷ്മമായി നിരീക്ഷിക്കുകയും വേണം.

സ്വകാര്യബസ്സുകളാണ് താരതമ്യേന മെച്ചപ്പെട്ട സേവന ദാതാക്കൾ. പക്ഷേ അവർ ലാഭമുള്ള റൂട്ടുകളിലും സമയങ്ങളിലും മാത്രമേ സർവ്വീസുകൾ നടത്തു. ലാഭചിന്തയല്ലാതെ സേവനമെന്നൊരു ഘടകം അവരുടെ ബിസിനസ്സിൽ ഇല്ല. ഗതാഗത രംഗത്തു മാത്രമല്ല, സ്വകാര്യ മേഖലയിലെ എല്ലാരംഗത്തും ഇതുതന്നെയാണ് സ്ഥിതി. അതുകൊണ്ടാണ് പുരോഗമന ചിന്താഗതിക്കാർ എപ്പോഴും സ്വകാര്യമേഖലയെ എതിർത്തുവരുന്നത്.

നഷ്ടമുണ്ടാകേണ്ട, ന്യായമുള്ള, ഒരു കാരണവുമില്ലെങ്കിലും KSRTC എപ്പോഴും നഷ്ടത്തിലാണ്. തിരക്കുള്ള സമയങ്ങളിൽ സർവ്വീസുകളുടെ എണ്ണം കൂട്ടിയാൽത്തന്നെ വരുമാനം വർദ്ധിക്കും. യാത്രക്കാർ കുറവായ റൂട്ടുകളിലും സമയങ്ങളിലും മിനിബസ്സുകളെ പ്രയോജനപ്പെടുത്തി സർവ്വീസ് നടത്തി വരുമാനം വർദ്ധിപ്പിക്കാനും പൊതുജനങ്ങൾക്ക് സേവനം നൽകാനുമാകും. സന്ധ്യകഴിഞ്ഞുള്ള സമയങ്ങളിൽ പല റൂട്ടുകളിലും തിരക്ക് കുറവായിരിക്കും. അത്തരം പ്രദേശങ്ങളിലെ യാത്രക്കാരെ അവഗണിക്കുന്നത് ശരിയല്ല. അവിടെയും മിനിബസ്സുകൾ പ്രയോജനപ്പെടുത്താനാകും. ഇത്തരം സർവ്വീസുകളിൽ ഒരാൾതന്നെ ഡ്രൈവറുടെയും കണ്ടക്ടറുടെയും ജോലി ചെയ്താൽ സേവനവും നടക്കും, വരുമാനവുമുണ്ടാകും. ദുബായ് പോലുള്ള വൻ നഗരങ്ങളിൽ വലിയ ബസ്സുകളിൽ വരെ ഡ്രൈവർ തന്നെയാണ് കണ്ടക്ടർ ജോലിയും ചെയ്യുന്നത്. നിരക്കു കുറഞ്ഞ രാത്രിയാത്രകൾക്കുള്ള സർവ്വീസുകൾക്ക് അല്പം ഉയർന്ന നിരക്ക് ഏർപ്പെടുത്തിയെന്നു വച്ചു കുഴപ്പമൊന്നുമില്ല. യാത്രക്കാർക്ക് യാത്രാ സൗകര്യം ലഭിക്കണമെന്നേയുള്ളൂ. ചെലവുകൂടിയ ടാക്സിയെയും ഓട്ടോയെയും ആശ്രയിക്കാതെ സുരക്ഷിത യാത്ര അനുഭവിക്കാനാകും.

KSRTCയിൽ ആവശ്യത്തിലധികം ജീവനക്കാരുണ്ടെന്നാണ് പറയപ്പെടുന്നത്. അതുപോലതന്നെ ബസ്സുകളുമുണ്ട്. ബസ്സുകൾ ഗാരേജിലും കട്ടപ്പുറത്തുമായാൽ വരുമാനമെങ്ങനെയുണ്ടാകും ? ജീവനക്കാരുടെ സേവനം വേണ്ടവിധം പ്രയോജനപ്പെടുത്താതിരുന്നാലും നഷ്ടക്കച്ചവടമാകും ഫലം. ഉത്തരവാദിത്വബോധവും ദീർഘ വീക്ഷണവും ആസുത്രണ വൈദഗ്ധ്യവുമുള്ള മാനേജ്മെന്റും, അർപ്പണബോധവും അച്ചടക്കവും ആത്മാർത്ഥതയും തൊഴിലിനോട് മതിപ്പുമുള്ള ജീവനക്കാരുമുണ്ടെങ്കിൽ ഈ സ്ഥാപനം ലാഭത്തിലാകും, വളരെ നന്നായി പ്രയോജനപ്പെടും.

റെയിൽവേയുടെ പ്രവർത്തനങ്ങളിലും പോരായ്മകൾ ഏറെയാണ്. അവിടെ സ്വേഛാധിപത്യ സ്വഭാവമുള്ള ഉദ്യോഗസ്ഥ ദുഷ്ട പ്രഭുത്വമാണ്. യാത്രക്കാർ വളരെകൂടുതലുള്ളതും ഏറെ റോഡ് കണക്ടിവിറ്റിയുള്ളതുമായ സ്റ്റേഷനുകളിൽ സ്റ്റോപ്പുകൾ അനുവദിക്കാൻ പലപ്പോഴും അവർ തയ്യാറല്ല. ഞാൻ പിടിച്ചമുയലിന് മൂന്നുകൊമ്പെന്ന പിടിവാശിയാണെപ്പോഴും. ജനപ്രതിനിധികളുടെ നിവേദനങ്ങൾ വരെ അവർ തൃണവൽ ഗണിക്കുന്നു. വിലകുറഞ്ഞ രാഷ്ട്രീയക്കളികളും ഇക്കാര്യത്തിൽ നടന്നുവരുന്നു.

റിസർവേഷൻകോച്ചുകളെന്ന പേരിൽ നിരവധി കോച്ചുകൾ പല സോണുകളിലും കാലിയായി ഓടുമ്പോൾ യാത്രചെയ്യാനവസരം കിട്ടാതെ യാത്രക്കാർ വലയുന്നത് കണ്ടിട്ടും ഉദ്യോഗസ്ഥരുടെ മനസ്സലിയുന്നില്ല. നാമമാത്രമായ അധിക നിരക്കിൽ ഇവയിൽ ആളെക്കയറ്റിയും തിരക്കുള്ള സ്റ്റേഷനുകളിൽ

# സംഗീതം



*Er യു.എസ്. രവീന്ദ്രൻ*

*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

**മാ**നസികാരോഗ്യത്തിനുള്ള ഒറ്റമൂലി ഉണ്ടോ എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളു; സംഗീതം.എങ്ങനെയാണ് സംഗീതം മാനസിക ആരോഗ്യമായും തലച്ചോറിന്റെ പ്രവർത്തനമായും ബന്ധപ്പെട്ടുകിടക്കുന്നതെന്നു നോക്കാം. 1990കൾക്കു ശേഷമാണ് MRI സ്കാൻ ഉപയോഗിച്ച് തലച്ചോറിന്റെ പ്രവർത്തനത്തെ തൽസമയം നിരീക്ഷിച്ചു കൊണ്ടുള്ള പഠനങ്ങൾ പുരോഗമിച്ചു തുടങ്ങിയത്. അതിനുശേഷം ന്യൂറോസയൻസിലും സൈക്കോളജിയിലും വളരെ വളരെ പുരോഗതികൾ ഉണ്ടായിട്ടുണ്ട്. സംഗീതം തലച്ചോറിലുണ്ടാക്കുന്ന മാറ്റങ്ങളെ കുറിച്ച് പഠിക്കുന്ന ന്യൂറോമ്യൂസിക്കോളജി എന്ന ഒരു ശാഖ തന്നെയുണ്ട്.

പാട്ടുകേൾക്കുമ്പോൾ, പാട്ടുപാടുമ്പോൾ സംഗീതോപകരണങ്ങൾ ഉപയോഗിക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് ഒരാളിൽ ഉണ്ടാക്കുന്നതെന്ന് പരിശോധിക്കാം. പല കമ്പനികളിലും ജോലിക്കാരെ ജോലി സമയത്ത് ചെറിയ സംഗീതം കേൾപ്പിക്കാനുള്ള സംവിധാനം ഉണ്ട്. ITകമ്പനികളിൽ സംഗീത ശ്രവണം ജോലിക്കാരുടെ ക്ഷമത കൂട്ടുന്നതായി കണ്ടിട്ടുണ്ട്. റസ്റ്റോറന്റുകളിലാണെങ്കിൽ സംഗീതം കൂടുതൽ ഉപഭോക്താക്കളെ

---

സ്റ്റോപ്പുകളനുവദിച്ചും യാത്രാ ക്ലേശത്തിന് പരിഹാരം കാണാവുന്നതാണെങ്കിലും അതിനാരും തയ്യാറാകുന്നില്ല.

കൊറോണ മഹാമാരിയെത്തുടർന്ന് KSRTC യിലും റെയിൽവേയിലും വലിയ മാറ്റങ്ങൾ വരുത്തി. നിരക്കുവർദ്ധന, സർവ്വീസുകൾ വെട്ടിക്കുറയക്കൽ, സ്റ്റോപ്പുകൾ റദ്ദാക്കൽ തുടങ്ങി പലതും. ഫലത്തിൽ ജനങ്ങൾക്കു വേണ്ടി ആരുമില്ലാത്ത ദുര്യോഗമായി. പരാതികളുണ്ടായാലോ ഒന്നുകിൽ അറിഞ്ഞില്ലെന്ന് ഭാവിക്കും, അല്ലെങ്കിൽ മുടന്തൻ ന്യായങ്ങൾ വിളമ്പും. ഇപ്പോഴത്തെ പോക്കുകാണുമ്പോൾ, ലോക്ക്ഡൗണിനുമുമ്പുള്ള സ്ഥിതി മടങ്ങി വരില്ലെന്ന തോന്നലാണേവർക്കും.

നാം വേണ്ടവിധം പ്രയോജനപ്പെടുത്താത്ത ഒരു മേഖല ജലഗതാഗതത്തിന്റേതാണ്.തിരുവനന്തപുരം മുതൽ കാസർഗോഡു വരെ 620 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു ഉൾനാടൻ ജലപാത നമുക്കുണ്ട്. ചരക്കു ഗതാഗതത്തിനും ടൂറിസത്തിനും ഏറെ ഗുണകരമായ ജലപാത. കേന്ദ്രസംസ്ഥാന സർക്കാരുകൾ 550 കോടി രൂപ ഈ പാതയുടെ വികസനത്തിനായി ഇതിനകം മുടക്കിയിട്ടും ഇന്നേവരെ പ്രവർത്തന സജ്ജമായില്ല. എത്രയോ വികസിത രാജ്യങ്ങൾ കടലും, കായലുകളും, തോടുകളുമൊക്കെ വളരെ കാര്യക്ഷമമായി ഗതാഗത ത്തിനായി പ്രയോജനപ്പെടുത്തുന്നുവെങ്കിലും നാം നമുക്ക് ലഭിച്ച പ്രകൃതിയുടെ വരദാനത്തോട് മുഖംതിരിച്ചു നിൽക്കുന്നു. ഈ പദ്ധതി പ്രവർത്തന ക്ഷമമമായാൽത്തന്നെ നമ്മുടെ ഹൈവേകളുടെയും റയിൽപ്പാതകളുടെയും മേലുള്ള ആശ്രയത്വം ഗണ്യമായി കുറയ്ക്കാനാകും. കൈവശമുള്ള ഗുണകരമായ സാദ്ധ്യതകളെ പ്രയോജപ്പെടുത്താൻ വൈകുന്നത് തിരിച്ചു പിടിക്കാനാകാത്ത നഷ്ടങ്ങൾക്കും വികസന മുരടിപ്പുകൾക്കും മാത്രമേ ഉപകരിക്കൂ.

ആകർഷിക്കുന്നതായി കണ്ടിട്ടുണ്ട്. തന്മൂലം കച്ചവടം വർദ്ധിക്കുന്നതായി പറയുന്നു. തന്നെയുമല്ല വെയേഴ്സിന് നല്ല ടിപ്പും കിട്ടാറുണ്ടത്രേ.

നല്ല സംഗീതം കേൾക്കുമ്പോൾ തലച്ചോറിലെ എല്ലാ ഭാഗങ്ങളും ഉത്തേജിപ്പിക്കുന്നു. മനോനില നല്ലതായി തീരുന്നു. മനസ്സിലെ ഓരോ ചിന്തകൾക്കും ഓരോ രാസമാറ്റങ്ങൾ രക്തത്തിൽ ഉണ്ടാക്കാൻ കഴിയും. മാനസിക സമ്മർദ്ദം കൂടുമ്പോൾ രക്തത്തിൽ Cortisol എന്ന ഉപദ്രവകാരിയായ ഹോർമോൺ കൂടുന്നു. അത് മനസ്സിനും ശരീരത്തിനും പല അസ്വസ്ഥതകളും ഉണ്ടാ ക്കുന്നു. നല്ല പാട്ട് കേൾക്കുമ്പോൾ Cortisolന്റെ അളവു കുറയുന്നു. തലച്ചോറിൽ നല്ല ഹോർമോൺ ആയ Dopamine ഉൽപ്പാദിപ്പിക്കപ്പെട്ട് രക്തത്തിൽ ചേരുന്നു. ഇത് മനസ്സിന് സ്വസ്ഥതയും സന്തോഷവും തരുന്നു. നല്ല സംഗീതം കേൾക്കുമ്പോൾ വേറൊരു കാര്യം സംഭവിക്കുന്നത് നല്ല തലച്ചോറിലേക്ക് അയക്കുന്ന സിഗ്നലുകൾ നമ്മുടെ creative sensational perception ക്രിയാത്മക പ്രക്ഷുബ്ധമായ ധാരണക്കനുസൃതമായ ധാരണ ശേഖരിക്കപ്പെടുന്നു എന്നതാണ്. സന്ദർഭങ്ങളെ ശരിയായ കാഴ്ചപ്പാടിലൂടെ നോക്കിക്കാണാൻ ഇത് സഹായിക്കും. ഉദാഹരണത്തിന് റോഡിലൂടെ ഒരാന നടന്നു വരുമ്പോൾ ചിലർ ചിന്തിക്കും 'ഓ മനുഷ്യനെ നടത്താനുള്ള വഴിയിൽ ഈ തിരക്കുപിടിച്ച സമയത്ത് ആനയെയും കൊണ്ടുപോകുന്നു, വേറെ വഴിയിലൂടെയോ അല്ലെങ്കിൽ രാത്രിയിലോ ആയിക്കൂടെ'. മറ്റു ചിലർ ചിന്തിക്കും 'ഓ നല്ല തലയെടുപ്പുള്ള ആന എന്തു ഭംഗി, അമ്പലത്തിൽ എഴുന്നള്ളിക്കാൻ കൊണ്ടുപോകുന്നത് ആകാം' എന്ന്; ചിലപ്പോൾ ഒന്ന് തൊഴുതെന്നും വരാം. ഒരേ സംഭവം തന്നെ വ്യത്യസ്തമായ വ്യക്തികളിൽ കൊണ്ടുവരുന്ന വികാരമാണ് sensational perception. ഇതുപോലെ നല്ല സംഗീതം കേൾക്കുമ്പോൾ വ്യക്തികളുടെ വീക്ഷണ ഗതിതന്നെ മാറുന്നു.

ഇനി ഒരാൾ പാട്ടുപാടുമ്പോൾ തലച്ചോറിൽ എന്ത് സംഭവിക്കന്നു എന്ന് നോക്കാം. ഒരു പാട്ടുകാരൻ അല്ലെങ്കിലും ഇടയ്ക്ക് പാട്ടൊന്നുമൂളിയാൽ Endorphin എന്ന നല്ല ഹോർമോൺ തലച്ചോറിൽ ഉൽപാദിപ്പിക്കപ്പെടുന്നു. അത് രക്തത്തിൽ ലയിക്കുന്നു; തന്മൂലം ഉന്മേഷവും ഊർജ്ജവും ഉണ്ടാകുന്നു. Aerobic exercise ചെയ്യുമ്പോഴും ഇതുതന്നെയാണ് സംഭവിക്കുന്നത്. രക്തത്തിൽ Endorphin ചേരുമ്പോൾ സന്തോഷവും ഉന്മേഷവും ഊർജ്ജവും അനുഭവപ്പെടുന്നു. കുറേപേർ ഒരുമിച്ചിരുന്ന് ഗാനം ആലപിക്കുമ്പോൾ Endorphine കൂടാതെ സ്നേഹത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അന്തരീക്ഷം ഉണ്ടാകുന്നു. അപ്പോൾ ഇതിനോട് ബന്ധപ്പെട്ട ഹോർമോണായ Oxytocin എന്ന നല്ല ഹോർമോൺ തലച്ചോറിൽ ഉല്പാദിപ്പിക്കപ്പെട്ട് രക്തത്തിൽ കലർന്ന് ഉന്മേഷവും ഊർജ്ജവും ഉണ്ടാക്കുന്നു. ഭജനകളിൽ പങ്കെടുക്കുമ്പോഴും സദ്സംഗങ്ങളിൽ പങ്കെടുക്കുമ്പോഴും പള്ളികളിൽ coir പാടുമ്പോഴും ഒരുമിച്ച് നമസ്കാരം നടത്തുമ്പോഴും ഇതുതന്നെയാണ് സംഭവിക്കുന്നത്. ചിലർക്ക് സങ്കടകരമായ പാട്ടുകളാണ് ഇഷ്ടം. ഒരു ദുഃഖ ഗാനം കേട്ട് ഒന്ന് കണ്ണുനീർ വീഴ്ത്തി കരഞ്ഞാൽ ഇതിനെ Carthatic effect എന്ന് പറയുന്നു. ഇതും മനസ്സിന്റെ ഖനം കുറയ്ക്കാനും ഉന്മേഷം കൂട്ടുവാനും സഹായിക്കും.

ഇനിയൊരു സംഗീത ഉപകരണം ഉപയോഗിക്കുമ്പോൾ എന്ത് സംഭവിക്കുന്നു എന്നു നോക്കാം. തലച്ചോറിന്റെ രണ്ടു പകുതികൾ ഒന്നിച്ചു പ്രവർത്തിച്ചാൽ മാത്രമേ ഒരു സംഗീത ഉപകരണം ഉപയോഗിച്ച് ഒരു ഗാനത്തിന്റെ ട്യൂൺ പുനർ സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളു. അപ്പോൾ തലച്ചോറ് രണ്ട് പദ്ധതികളെയും ബന്ധിപ്പിക്കുന്ന നാഡീവ്യൂഹം കോർപ്പസ് കലോസം കൂടുതൽ ക്രിയാത്മകം ആകുകയും തലച്ചോർ കൂടുതൽ പ്രവർത്തനക്ഷമം ആകുകയും ചെയ്യുന്നു. ഇത് ബുദ്ധി

കഥ

# സെമിത്തേരിയിലെ പൂവ്

(ഭാഗം 3 തുടർച്ച)



*Er.* **അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

**ക്ലൈ**മാക്സ് എഴുതുന്ന രാത്രി. ഇതാണ് തിരക്കഥയിലെ ഏറ്റവും മർമ്മപ്രധാനമായ ഭാഗം. ഇതിൽ പാളിച്ച പറ്റിയാൽ സിനിമ പരാജയപ്പെടും. എന്റെ സിനിമാ ജീവിതവും. ഒരു പക്ഷേ എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട രാത്രി. പെട്ടെന്നാണ് അപ്പുറത്തെ മുറിയിൽ നിന്ന് കരച്ചിൽ കേട്ടത്.

വൃദ്ധൻ മുറിയിൽ തിരികെ വന്നത് എഴുത്തിനിടയിൽ ഞാൻ അറിഞ്ഞിരുന്നില്ല. വിതുമ്പൽ കേട്ടതും ഞാൻ എഴുത്ത് നിർത്തി മരവിച്ചിരുന്നു. അതുവരെ അയാൾ ചിരിക്കുന്നതും പിറുപിറുക്കുന്നതും മാത്രമേ ഞാൻ കേട്ടിരുന്നുള്ളു. കരയുന്നത് കേൾക്കുന്നത് ആദ്യമായിട്ടാണ്. എഴുന്നേറ്റു ചെന്ന് നോക്കണം എന്ന് ഉള്ളിലിരുന്നു ആരോ നിർബന്ധിച്ചുവെങ്കിലും ഞാൻ വകവച്ചില്ല. ഇത് ജീവിതത്തിലെ പ്രധാനപ്പെട്ട രാത്രിയാണ്. തിരക്കഥ പൂർത്തിയാക്കാൻ തന്നിരിക്കുന്ന സമയം നാളെ തീരുകയാണ്. ലക്ഷ്യത്തോടടുക്കുമ്പോൾ ഇത് പോലെയുള്ള തടസ്സങ്ങൾ ഉണ്ടാകും. അയാളുടെ കരച്ചിൽ വീണ്ടും കേട്ടു. ഞാൻ ഹെഡ്സെറ്റ് വച്ച് മഴ പെയ്യുന്നതിന്റെ ഒരു ആഡിയോ ക്ലിപ്പ് പ്ലേ ചെയ്തു. വൃദ്ധന്റെ കരച്ചിൽ മഴയിൽ മുങ്ങി. ഞാൻ എഴുത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു.

ക്ലൈമാക്സ് സീൻ എഴുതിക്കഴിഞ്ഞപ്പോൾ നേരം വെളുക്കാറായിരുന്നു. ഞാൻ ചെവിയോർത്തു. ഇല്ല, വൃദ്ധന്റെ മുറിയിൽ നിന്ന് ഇപ്പോൾ ഒച്ചയൊന്നും കേൾക്കുന്നില്ല. എല്ലാം ശാന്തം. പുറത്തു മരക്കൂട്ടങ്ങൾക്കിടയിൽനിന്ന് കിളികളുടെ ശബ്ദംമാത്രം കേൾക്കാം. ക്ലൈമാക്സ് എഴുതിയ ആശ്വാസത്തോടെ ഞാൻ ഉറങ്ങാൻ കിടന്നു. നാളെത്തന്നെ എഴുത്ത് പൂർത്തിയാക്കി, നടനെയും മാനേജരെയും കൊണ്ടുപോയി കാണിക്കണം. വൃദ്ധന്റെ കരച്ചിലിന്റെ കാരണം അന്വേഷിക്കാത്തതിലുള്ള കുറ്റബോധം അപ്പോഴേക്കും മാഞ്ഞിരുന്നു.

വാതിൽക്കൽ തുടർച്ചയായുള്ള മുട്ട് കേട്ടാണ് ഞാൻ ഉണർന്നത്. ഒരുവിധത്തിൽ എഴുന്നേറ്റു വേച്ചു വേച്ചു വാതിൽക്കലേക്ക് നടന്നു. ഉറക്കം ഒട്ടും മാറിയിട്ടുണ്ടായിരുന്നില്ല. ആ വൃദ്ധനാണ് വാതിൽക്കലെങ്കിൽ നല്ല ചീത്ത പറയാൻ ഒരുങ്ങിയാണ് വാതിൽ തുറന്നത്.

രണ്ടു പോലീസുകാരാണ് വാതിൽക്കൽ നിന്നത്.

➦

---

ശക്തി, ഓർമ്മശക്തി, സാമർത്ഥ്യം എന്നിവയെ വർദ്ധിപ്പിക്കുന്നു. കുട്ടികളെ ചെറുപ്രായത്തിൽ മുതൽ 14 വയസ്സു വരെ എങ്കിലും ഏതെങ്കിലും സംഗീത ഉപകരണം ഉപയോഗിക്കാൻ പരിശീലനം നൽകേണ്ടതാണ്. പിൽക്കാലത്ത് വലിയ സംഗീതജ്ഞനായില്ലെങ്കിലും കുട്ടികളുടെ പൊതുവേയുള്ള പ്രവർത്തന മികവിനും സാമർത്ഥ്യത്തിനും (Full actor skill) ഇത് ഉപകാരപ്പെടും.

വീട്ടിലുള്ള പാത്രങ്ങൾ, തടിക്കഷണങ്ങൾ ഇവയെല്ലാം കൊട്ടി ഏതെങ്കിലുമൊക്കെ പാട്ടു പാടിക്കൊണ്ട് കുറച്ചുനേരം ഇരിക്കുക. 60 വയസ്സ് കഴിഞ്ഞവർക്ക് മറവി രോഗങ്ങൾ വരാതിരിക്കാൻ പറ്റിയ ഒരു വ്യായാമമാണിത്. പാട്ടുകൾ പാടുക, പാട്ടുകൾ കേൾക്കുക, സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുക, സംഗീതം ജീവിതത്തിന്റെ ഒരു ഭാഗമാക്കുക, സന്തോഷത്തോടുകൂടി ജീവിക്കുക.

✵

'എന്തൊരു ഉറക്കമാടോ? തനിക്ക് രാത്രിയിലെന്താ പണി ?' അതിലൊരാൾ അനിഷ്ടത്തോടെ ചോദിച്ചു.

വൃദ്ധന്റെ മുറിയുടെ മുന്നിൽ ആൾക്കൂട്ടം ഉണ്ടായിരുന്നു. ഞാൻ പോലീസുകാർക്കൊപ്പം വൃദ്ധന്റെ മുറിയിലേക്ക് ചെന്നു. മുറിയിൽ ഏതോ മരുന്നിന്റെ ഗന്ധം തങ്ങി നിൽക്കുന്നു. മേശയിൽ കുറെ റോസാപ്പൂവുകൾ ചിതറിക്കിടപ്പുണ്ട്. അവ മിക്കവാറും അഴുകിയതും വാടിയതുമാണ്. അയാൾ സെമിത്തേരിയിൽ നിന്ന് ശേഖരിച്ചുകൊണ്ട് വന്നതാവണം.

വെളുപ്പിൽ കറുത്ത വരകളുള്ള ലുങ്കിയും ബനിയനും ധരിച്ച വൃദ്ധൻ കട്ടിലിൽ ശാന്തമായി കണ്ണുകളടച്ച് ഉറങ്ങുന്നു. കട്ടിലിനിരികിൽ കസേരയിലിരുന്നു ഒരു പോലീസുദ്യോഗസ്ഥൻ എന്തോ എഴുതുന്നു. ലോഡ്ജ് മാനേജർ അടുത്തു നിൽപ്പുണ്ട്. മൊഴി എടുക്കുകയാവണം.

'ഉറക്കഗുളികയാണെന്ന് തോന്നുന്നു..'

പോലീസുകാരിൽ ഒരാൾ പറയുന്നത് ഞാൻ കേട്ടു. പോലീസ് എന്റെയും മൊഴിയെടുത്തു. വൃദ്ധന്റെ മരണം ആത്മഹത്യയാണ് എന്ന് പോസ്റ്റ്മോർട്ടത്തിൽ തെളിഞ്ഞതിനാൽ കൂടുതൽ ചോദ്യം ചെയ്യലുകളും മറ്റും ഉണ്ടായില്ല.

ലോഡ്ജിലെ താമസം അതോടെ അവസാനിച്ചു. ഞാൻ വീട്ടിലേക്ക് മടങ്ങി. ഒന്ന് രണ്ടു ദിവസം വീട്ടിലിരുന്നു തിരക്കഥ പൂർത്തിയാക്കിയതിനു ശേഷം ഞാൻ നടന്റെ മാനേജരെ കാണാൻ ഒരു വൈകുന്നേരം ചെന്നു.

'പ്രോജക്റ്റ് നടക്കില്ല. പ്രൊഡ്യൂസർ പിന്മാറി.' അയാൾ എന്നോട് പറഞ്ഞു.

ഞാൻ എന്ത് പറയണം എന്നറിയാതെ അയാളുടെ മുഖത്തേക്ക് നോക്കി. രണ്ടു ദിവസം തന്നെ ഒരു വിധത്തിലാണ് ഞാൻ വീട്ടിൽ തങ്ങി എഴുത്ത് പൂർത്തിയാക്കിയത്.

കല്യാണത്തിന്റെയും ജോലിയുടെയും കാര്യം പറഞ്ഞു നാട്ടുകാരും വീട്ടുകാരും കുരിശിൽ തറയ്ക്കുകയാണ്. എന്നോട് ചോദിക്കാതെതന്നെ തിരികെ ഗൾഫിലേക്ക് വിടാനുള്ള കാര്യങ്ങൾവരെ വീട്ടുകാർ ചെയ്തു വച്ചിരിക്കുന്നു.

'ഞാൻ അന്നേ പറഞ്ഞില്ലേ..സിനിമയിൽ ഇതൊക്കെ പതിവാ..നിങ്ങൾ ശ്രമിച്ചു കൊണ്ടിരിക്കൂ.. ഇന്നല്ലെങ്കിൽ നാളെ അവസരം വരും.' മാനേജർ എന്റെ മുഖത്ത് നോക്കാതെ പറഞ്ഞു.

തിരിച്ചു നടക്കുമ്പോൾ മഴ തുടങ്ങിയിരുന്നു. അൽപ്പദൂരം നടന്നപ്പോഴാണ് ലോഡ്ജിലേക്കുള്ള വഴിയിലൂടെയാണ് നടക്കുന്നതെന്ന് ഓർത്തത്. മരിച്ചുപോയ വൃദ്ധന്റെ മുറിയുടെ അടഞ്ഞു കിടക്കുന്ന വാതിൽ ഉള്ളിൽ തെളിഞ്ഞു.

മഴ കൂടുന്നതിന് മുൻപ് അടുത്തു കണ്ട മാടക്കടയിലേക്ക് ഓടിക്കയറി.ടോക്കൺ തുക വാങ്ങിയ ദിവസവും ഇതേ കടയിൽ കയറി സിഗരറ്റ് പുകച്ചു മഴയും നോക്കി നിന്നതാണ്. അന്ന് സന്തോഷംകൊണ്ട് ഉള്ളം തുടിച്ചു. അന്നത്തെപ്പോലെ പാന്റിന്റെ കീശയിലേക്ക് കയ്യിട്ടു. പ്രതീക്ഷയുടെ സ്പർശംപോലെ കീശ നിറഞ്ഞിരുന്ന കറൻസി നോട്ടുകൾ ഇന്നില്ല.

ഒരു സിഗരറ്റ് വാങ്ങി പുകച്ചു. മഴ കൂടുകയാണ്. അന്ന് രാത്രി ആ വൃദ്ധന്റെ കരച്ചിൽ കേൾക്കാതെ തിരക്കഥ എഴുതിയത് വെറുതെയായില്ലേ? വിഡ്ഢി! പമ്പര വിഡ്ഢി! കുറ്റപ്പെടുത്തുന്നതു പോലെ മഴ ചെവിയിൽ ആർത്തലച്ചു.

നഗരത്തിലെ വെളിച്ചങ്ങൾ ഓരോന്നായി അണഞ്ഞു. ഇനി താൻ എന്താണ് ചെയ്യേണ്ടത്? സ്വപ്നങ്ങൾ ഉപേക്ഷിച്ചു യാന്ത്രികമായ ഒരു ജീവിതം തിരഞ്ഞെടുക്കണോ?അങ്ങിനെ ജീവിച്ചു ജീവിച്ചു വയസായി... ആ വൃദ്ധന്റെ മേശയിലെ വാടിയ പൂവ് പോലെ അവസാനിക്കുമോ ?

പെട്ടെന്ന് മൊബൈൽ ബെല്ലടിച്ചു. അപ്പുറത്ത് നിന്ന് ഒരു അപരിചിതന്റെ സ്വരം കേട്ടു. അദ്ദേഹം സ്വയം പരിചയപ്പെടുത്തിയപ്പോൾ ഞെട്ടിപ്പോയി.

ഫീൽഡിലെ ഒന്നാം നിര സംവിധായകരിൽ ഒരാൾ! നഗരത്തിലെ പഞ്ചനക്ഷത്ര ഹോട്ടലിൽ അദ്ദേഹം മറ്റൊരു സിനിമയുടെ ഷൂട്ടിംഗുമായി ബന്ധപ്പെട്ടു താമസിക്കുന്നു. വേഗം തന്നെ വന്നുകാണാൻ അദ്ദേഹം ആവശ്യപ്പെട്ടു.

കവിത

# ഭാരതനാട്



Er **മഹേഷ് റ്റി.**
*അസിസ്റ്റന്റ് എഞ്ചിനീയർ*

**ഭാ**രതമൊന്നായി പൊരുതിയ നാൾ മുതൽ
ഭരണം ദുഷ്കരമായി
ഭാഗ്യം നൽകിയ ഭാരത നാട്ടിൽ
ഭരിയ്ക്കാൻ കഴിയാതായി

ഭാഗം വച്ചു കീറി മുറിച്ചു
ഭാരത നാടിനെ വെട്ടി മുറിച്ചു
ഭാരം പേറിയകന്ന ജനകോടികളെ
ഭീതിയിലാക്കി ഭരിച്ചു നാളുകൾ നീക്കി

ഭാരത നാടിൻ ജനലക്ഷങ്ങൾ
ഭാഗം നോക്കാതൊന്നായി ഉണർന്നു
ഭാവിയ്ക്കായുള്ളോരു പോരാട്ടത്തിൻ വീര്യത്തിൽ
ഭാരത നാടിതു നേടിയെടുത്തു സ്വാതന്ത്ര്യം

✵

---

ചെന്നയുടൻ അദ്ദഹം കഥ കേട്ടു. സ്ക്രിപ്ട് ഓടിച്ചു വായിച്ചു.

'ഇത് നമുക്ക് ചെയ്യാം. പക്ഷേ ക്ലൈമാക്സ് ഇത്തിരി കൂടി നന്നാക്കാം. ഒരു പോസിറ്റിവ് ഫീൽ വരുന്ന രീതിയിൽ അതൊന്നു പൊളിച്ചെഴുതണം. പക്ഷേ എത്രയും വേഗം വേണം.'

എന്റെ കണ്ണ് നിറഞ്ഞു. ഞാൻ എന്റെ അവസ്ഥയെ കുറിച്ച് പറയാൻ തുടങ്ങിയതും അദ്ദേഹം കയ്യുയർത്തി തടഞ്ഞു.

'എല്ലാം എനിക്കറിയാം. നിങ്ങളെക്കുറിച്ചു എന്റെ ഒരു സുഹൃത്ത് എല്ലാം പറഞ്ഞിട്ടുണ്ട്. അതാരാണ് എന്ന് മാത്രം ചോദിക്കരുത്.' എന്നെ നോക്കി പുഞ്ചിരിച്ചു കൊണ്ട് അദ്ദേഹം തുടർന്നു.

'നിങ്ങൾക്ക് ഞാനിവിടെ മുറി ബുക്ക് ചെയ്തിട്ടുണ്ട്. ഇവിടെയിരുന്നു സ്ക്രിപ്റ്റ് പൂർത്തിയാക്കൂ..നാളെത്തന്നെ അഡ്വാൻസ് തുക വാങ്ങാം. 'കേൾക്കുന്നത് സത്യമാണോ അല്ലയോ എന്നറിയാതെ ഞാൻ അൽപ്പനേരം നിശ്ശബ്ദനായി.

ശീതീകരിച്ച മുറി, തടിയിൽ തീർത്ത ഇരട്ടക്കട്ടിൽ,അലമാരകൾ, മേശകൾ, ഇരുന്നെഴുതാനും വിശ്രമിക്കാനും കസേരകളും മേശകളും, മിനി ഫ്രിഡ്ജ്, കോഫി മേക്കർ..

അത്തരമൊരു മുറി ഞാൻ ആദ്യം കാണുകയായിരുന്നു. പെട്ടെന്ന് ഒരു ശബ്ദം കേട്ടു.

മുറിയിലൂടെ ഒരു വണ്ട് ഉഴറി പറക്കുന്നു.. എങ്ങിനെയൊ അറിയാതെ പെട്ടുപോയതാവാം.

എഴുതാനുള്ള കടലാസുകളും മറ്റു സാധനങ്ങളും ടേബിളിൽ ഒരുക്കിവച്ച ശേഷം ഞാനൊരു നിമിഷം നിശബ്ദമായിരുന്നു.

ആരായിരിക്കും എന്നെ സഹായിച്ചത് ? ഞാൻ ആലോചിച്ചു.

പെട്ടെന്ന് ആ വണ്ട് എന്റെ മുന്നിലേക്ക് വീണു. ഞാൻ അതിനെ മെല്ലെ എടുത്തു ജനാല തുറന്നു വെളിയിലേക്ക് പറത്തിവിട്ടു.

ആ വൃദ്ധന്റെ പിറുപിറുക്കൽ ഞാൻ അകലെ എവിടെനിന്നോ എന്നപോലെ കേട്ടു. അതെന്റെ ഉള്ളിൽനിന്ന് തന്നെയായിരുന്നു. ഇത്തവണ അതെന്നെ അസ്വസ്ഥപ്പെടുത്തിയില്ല. ഞാൻ എഴുതാൻ തുടങ്ങി.

✵

# AUDITING

***Er J. Sudhakaran Nair***

*Dy. Chief Engineer (Rtd.)*

Auditing is a process of identifying whether the results of accounting information are accurate and according to the specified norms or not. It is a process of inspecting the books of accounts of an enttiy and reporting on it. In a company Auditing is usually conducted annually by Chartered Accountants appointed by share holders. It is obligatory and seeks to form an opinion on financial statement. In general, Auditing is conducted to verify the extent oft ruthfulness and fairness of the financial records of an enttiy .The scope of the auditing is based on the Standards on Auditing. It is not 'investigation'; it is not 'fault finding' ; but it is 'fact finding'.

The term 'audit' is derived from the Latin term 'audire' which means to hear. In the early days, an auditor used to listen to the accounts read over by an accountant to check them. Auditing is as old as accounting. It was in use in all ancient coutnries such as Mesopotamia, Greece, Egypt, Rome, the UK and India. The Vedas also contain references to accounts and auditing. Arthasasthra by Kautilya detailed rules for accounting and auditing of public finances.

The auditor seeks the following three requisites of the financial statements:

1. The preparation of the financial statement is based on acceptable accounting policies and its consistent application.
2. Relevant Regulations are being followed while preparing them.
3. All material facts are clearly disclosed in the financial statements.

Audits provide credibiltiy to financial statements. Other commonly audited areas include: secretarial and compliance, internal cotnrols, qualtiy management, project management, water management, and energy conservation. As a result of an audit, stakeholders can evaluate and improve the effectiveness of risk management, cotnrol, and governance.

**Importance of Auditing**

Audits are performed to ensure that financial statements are prepared in accordance with the relevant accounting standards. The three primary financial statements are:

Income statement
Balance sheet
Cash flow statement

Financial statements are prepared internally by management, based on relevant accounting standards such as International Financial Reporting Standards (IFRS) or Generally Accepted Accounting Principles (GAAP). They are developed to provide useful information to the following users:

Shareholders
Creditors
Government / Regulatory entities
Customers
Suppliers
Partners

Financial statements reflect the operating, investing, and financing

activities of a company. The management of the company may manipulate and msirepresent their financial position to make the company look profitable or successful while they actually are not. Auditing has to ensure that companies represent their financial positioning fairly and accurately and in accordance with accounting standards.

**Auditing in India**

The Comtproller and Auditor General of India (CAG), who is the head of the Supreme Audit Institution of India (SAI) derives his duties and powers mainly from Articles 149 to 151 of the Constitution of India and the Comtproller and Auditor General's (Duties, Powers and Conditions of Service) Act, 1971.

Under the provisions of the Constitution of India and the Act, the CAG is the sole auditor of the accounts of the Cetnral (Union) Government and the State Governments. CAG is also responsible for the audit of local bodies (i.e. Panchayati Raj institutions and urban local bodies) under the provisions of some of the State Acts and provides technical and administrative guidance for accounting and audit functions in all States as per orders issued by Ministry of Finance, Government of India.

The reports of the CAG relating to the accounts of the Union and the States are submitted to the President/Governor of the State for being laid before the Parliament/State Legislature. The CAG is also responsible for ensuring a uniform policy of accounting and audit in the Government sector as a whole. The Act authorises the CAG to lay down, for the guidance of the Government departments, the general principles of Government accounting and the broad principles in regard to audit of receipts and expenditure.

**The mandate of CAG includes audit of:**

1. Receipts and expenditure from the Consolidated Fund of India and of the State and Union Territories.
2. Transactions relating to the Contingency Funds and Public Accounts.
3. Trading, manufacturing, profit and loss accounts and balance sheets, and other subsidiary accounts kept in any Government department.
4. Accounts of stores and stock kept in Government offices or departments.
5. Government companies as per the provisions of the Companies Act, 1956.
6. Corporations established by or under laws made by Parliament in accordance with the provisions of the respective legislation.

7 Authorities and bodies substantially financed from the Consolidated Funds.

8 Any Body or Authortiy even though not substantially financed from the Consolidated Fund, the audit of which may be etnrusted to SAI.

9 Grants and loans given by Government to Bodies and Authorities for specific purposes.

10 Panchayati Raj Institutions and Urban Local Bodies.

**Concepts of Government Audit**

Government audit is applicable to Government departments and departmen-

tal undertakings. Government of India maintains a separate department known as Accounts and Audit Department. Comtproller and Auditor General of India heads this department.

In India the President appoints the Comtproller and Auditor General of India under as provided in the Constitution, which gives the powers and rights and fixes his responsibiltiy for the audit of Government departments and institutions. Government audit is divided into several branches like Defence, Railways, Posts and Telegraphs audit. It works only for government offices and departments. This department cannot undertake audit of non-government concerns. Its working is strictly according to government rules and regulations.

**The Different Types of Audit**

ISO 19011:2018 defines an audit as a s"ystematic, independent and documented process for obtaining audit evidence (records, statements of fact or other information which are relevant and verifiable) and evaluating it objectively to determine the extent to which the audit criteria (a set of policies, procedures or requirements) are fulfilled." There are three maint ypes of audits:

Process audit: Thist ype of audit verifies that processes are working within established limits.

Product audit: Thist ype of audit is an examination of a particular product or service, such as hardware, processed material, or software, to evaluate whether it conforms to requirements (i.e., specifications, performance standards, and customer requirements).

System audit: An audit conducted on a managements ystem. It is an activtiy performed to verify, by examination and evaluation of objective evidence, that applicable elements of thes ystem are appropriate and effective and have been developed, documented, and implemented in accordance and in conjunction with specified requirements.

A qualtiy managements ystem audit evaluates an existing qualtiy management program to determine its conformance to company policies, cotnract commitments, and regulatory requirements.

Environmentals ystem audit examines an environmental managements ystem, a food safteys ystem audit examines a food saftey managements ystem, and safteys ystem audits examine the saftey managements ystem.

**Audit and decision making**

Decision making is the responsibiltiy of the executing authortiy. He is given the authortiy to take bonafide decisions. He cannot shy away from taking decisions. To decide is to kill the choices except one. That may be the reason why 'decide' is rhyming with 'homicide' and 'insecticide'. There will be several choices before a decision maker. With the help of the decision supports ystem, he will choose one option. There is no meaning in sitting upon judgement on these decisions on a later date; sometimes after years. The time is different; the situation is different. If there are different options for the decision maker, it is rational to give him the freedom to choose one. Though the accepted purpose of Auditing is 'fact finding' ; and not 'fault finding', in many cases, Auditing becomes fault finding. Auditing sometimes challenges decision making by competent authorities. This may end up in the executive authortiy avoiding taking decisions.

**Case study**

1. Once a Chief Engineer replied to an audit query like this : " This is a bonafide technical decision taken by an Engineer who has thitry years of experience in this field. It is requested that the query may be withdrawn " ( not the exact words ) . The query was promptly withdrawn.
2. The CAG audited the accounts of a small distribution licensee owned by the government.. Whether a Power Distribution Licensee has to be audited by CAG is another matter. The audit patry found out that the distribution power loss in the licensee is 1.5 % and this is very high. According to them it can be only maximum 1%; because the class of accuracy of the consumer meters is 1. Hence the money value of 0.5 % power lost, has to be realised from the Resident Engineer. Every body, except the auditor, know that there is no relation between the line loss and the class of accuracy of consumer meters. Explanations and clarifications were given. It was pointed out that the line loss of 1.5 % is much less than the distribution loss of KSE Board. But these did not satisfy the audit team. After a few months, the CAG invited the licensee to participate in a meeting aimed at resolving the pending audit queries. In the meeting, in addition to Kerala CAG, the AG of another state also was present. The query was read out. The guest CAG immediately gave the decision. He said that the query is ridiculous and it will be dropped.

   It will be good auditing if the auditing team stays well within their scope.
3. The Delhi government has three power distribution licensees. They are not private licensees; but joint ventures in which the Government has a stake of 49 % shares. The government thought that the accounts of the licensees was not correct and wanted CAG to audit the Licensees. They objected. The issue went to the High Court. The High Court decision was in favour of the Licensees. The Delhi Government appealed to the Supreme Court. Even after a few years, it is learnt that the decision is still pending. Finally the government announced subsidies to save face.

**Tailpiece**

Though it is reiterated that the purpose of Auditing is 'fact finding' and not 'fault finding', in the auditings ystem followed in our coutnry, fault finding forms an essential ingredient of the Audit Report. In most of the cases it may be ' being wise after the thing' . Audit reports find fault with the decision making done at a different point of time when the situation may be very much different from the reporting time. Judging a decision without considering the prevailing conditions may not be correct judgement.

An interesting suggestion was to have pre-auditing by the auditing agency to avoid later fault finding. In all important matters, decision shall be taken only after auditing. It is argued that this could avoid fault finding at a later date; usually years after. This could also avoid unnecessary expenditure and a lot of other problems.

# കെ.എസ്.ഇ.ബി. എഞ്ചിനിയേഴ്സ് അസോസിയേഷന്റെ 69-ാമത് വാർഷിക പൊതുയോഗം

കെ എസ് ഇ ബി എഞ്ചിനിയേർസ് അസോസിയേഷന്റെ 69 –ാമത് വാർഷിക പൊതു യോഗം സെപ്റ്റംബർ 25ന് കോട്ടയം മാമൻ മാപ്പിള ഹാളിൽ വെച്ച് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രി **ശ്രീ കെ. കൃഷ്ണൻ കുട്ടി** അവർകൾ ഉദ്ഘാടനം നിർവഹിക്കുന്നു. യോഗത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ മുഖ്യാതിഥിയായി പങ്കെടുക്കും. ഓൾ ഇന്ത്യ പവർ എഞ്ചിനിയേഴ്സ് ഫെഡറേഷൻ അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീ. ശൈലേന്ദ്ര ദുബെ, കെ എസ് ഇ ബി യുടെ മുൻ സി എം ഡി യും ഇപ്പോൾ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ബി. അശോക് എന്നിവർ വിശിഷ്ട വ്യക്തികളായി പങ്കെടുത്തു സംസാരിക്കും. അസോസിയേഷൻ പ്രസിഡന്റ് Er. കെ. സുനിൽ അധ്യക്ഷത വഹിക്കും.

---

# അമ്മയ്ക്ക് ഒരു യാത്രാമൊഴി



*Er. ഹനീസ് എ.എസ്.*
*അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ*

**ദു**രിത ഭാരമിറക്കിയനശ്വര
ജനനിയുടെ യാത്ര നീ തുടങ്ങീടുക .
ഒരു വഴി രണ്ടായ് പിരിയുമീ മാർഗത്തിൽ,
വിട പറഞ്ഞീടാതെ നാമകന്നീടുക.

ദുസ്സഹ മുള്ളു പാകിയ പാതയിൽ,
ഒറ്റക്കിരുന്നു നിരങ്ങുന്നതെത്ര നാൾ ?
മാത്രയിൽ തീർന്നിടും ജീവിത യാത്രയിൽ,
എത്ര യുഗങ്ങൾ തൻ വേദന താങ്ങി നീ !

ശാശ്വത ശാന്തിയെന്നുള്ള സത്യമീ
നശ്വര ജീവിത പാതയിൽ വ്യർത്ഥമാം!
മോഹങ്ങളെല്ലാമുപേക്ഷിച്ചനശ്വര
ദേഹിയെ സർവ്വസ്വതന്ത്രമാക്കീടുക.

തിരികെ വരുകെന്ന് പറയാനശക്തനായ് ,
മൂകനായ് പുറകിൽ ഞാൻ നിൽപൂ പതിതനായ് .
പിൻവിളി കാക്കാതെ, പിൻതിരിഞ്ഞീടാതെ,
എൻ പ്രിയ മാതാവേ നീ അകന്നീടുക .

തെല്ലിട നീ മാറി നിന്നാലും വ്യാകുല
ചിത്തനായ് തീർന്നിടും പൈതലാണിന്നും ഞാൻ .
ഇനിയുള്ള നാളുകൾ നിന്നുടെയോർമകൾ,
എന്റെ സ്മരണയിൽ പിൻവിളിയായിടും.

ഇരുളു കനം വച്ച വഴികളിലെന്നും നിൻ,
ഓർമകൾ മാർഗമായ് നിത്യം ജ്വലിക്കട്ടെ !
സ്വസ്തിയാർന്നുദ്ദീപ്തമായി നിറയട്ടെ,
നിന്റെ സ്മരണയിലെന്നാത്മ ചേതന . ✵

# Engineers' day celebrations



KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628
Postal Reg. No. KL/TV(N)/645/2022-2024

Price ₹ 10
No. KL/TV(N)/ WPP / 203/ 2022 - 24 at Tvpm. RMS
Licensed to Post without pre payment.
Date of Publication 23-09-2022




Edited, Printed & Published by K.G. Potti, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only